## *1.മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് തുക ഏതൊക്കെ പ്രോജക്ടുകൾക്ക് ഉപയോഗിക്കാം ?*

വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണിക്കു പുറമേ അത്തരം സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തുന്നതിനായി ആധുനിക സംവിധാനങ്ങളും സജ്ജീകരണങ്ങളും ഒരുക്കുന്നതിനു വേണ്ടിയും സ്ഥാപനങ്ങളുടെ സേവനം വർദ്ധിപ്പിക്കുന്നതിനു വേണ്ടിയും കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് സാധന സാമഗ്രഹികളും ഉപകരണങ്ങളും വാങ്ങുന്നതിനു വേണ്ടിയും ആരോഗ്യ സ്ഥാപനങ്ങളിലേക്ക് മരുന്ന് വാങ്ങുന്നതിനു വേണ്ടിയും മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ഉപയോഗിക്കാവുന്നതാണ്.

മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ഏതൊക്കെ കാര്യങ്ങൾക്ക് ഉപയോഗിക്കാം എന്നതു സംബന്ധിച്ച് നിരവധി സർക്കുലറുകളും ഉത്തരവുകളും ഇറങ്ങിയിട്ടുണ്ട്. അവ പരിശോധിക്കാം.

### സർക്കുലർ നം 17665/ഡിബി2/10/തസ്വഭവ തീയതി 19/03/2010

1.നിലവിൽ ജലസംഭരണി ഇല്ലാത്ത എല്ലാ സ്കൂളുകളിലും അവ സ്ഥാപിക്കാവുന്നതാണ്.

2.പഴയതും നശിച്ചുപോയതുമായ വയറിംഗുകൾ മാറ്റി പുതിയതു സ്ഥാപിക്കാം.

3.സ്കൂളുകളിൽ പ്രഥമ ശുശ്രൂഷ കിറ്റുകൾ തയ്യാറാക്കാം.

4.ക്ലാസ് മുറികളിൽ അധിക വാതിലുകൾ ആവശ്യമുള്ള പക്ഷം അവ സ്ഥാപിക്കാം.

5.അഗ്നിബാധ, പ്രകൃതി ദുരന്തങ്ങൾ എന്നിവയുണ്ടാകുന്ന സമയം അവ ഇൻഷ്വർ ചെയ്യാം

(കുറിപ്പ്- തദ്ദേശ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള സ്കൂളുകളിൽ മാത്രം ബാധകം)

### സർക്കുലർ നം 6352/ഡിപിഐ/2006/തസ്വഭവ തീയതി 24/02/2006

1. ഗവ. യു പി/ഹൈസ്കൂളുകൾക്ക് ലൈബ്രറിക്ക് പുതിയ കെട്ടിടം നിർമിക്കാം.

2.നിലവിലുള്ള മുറി നവീകരിക്കാം.

3.മേശ, കസേര,റാക്ക്,അലമാര, കമ്പ്യൂട്ടർ,എൽ. സി.ഡി, ഇന്റർനെറ്റ് എന്നിവയ്ക്കും ഉപയോഗിക്കാം.

### സർക്കാർ ഉത്തരവ് (സാധാ) നം. 679/12/തസ്വഭവ തീയതി 06/03/2012

ഈ ഉത്തരവ് അനുസരിച്ച്പൊതു വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിക്കുന്ന മാർഗ നിർദ്ദേശങ്ങൾ അനുസരിച്ച് സർക്കാർ എൽ പി സ്കൂളുകൾക്ക് 1,35,000/- രൂപയിലും സർക്കാർ യു പി സ്കൂളുകൾക്ക് 1,85,000/- രൂപയിലും അധികരിക്കാതെ ഐ.റ്റി. ഉപകരണങ്ങൾ വാങ്ങി നൽകാം.

30/03/2012 ലെ സർക്കാർ ഉത്തരവ് (സാ.ധാ) നം. 994/12/തസ്വഭവ പ്രകാരം ഇതേ ആനുകൂല്യങ്ങൾ എയ്ഡഡ് സ്കൂളുകൾക്കും നൽകി ഉത്തരവായി.

### സർക്കാർ ഉത്തരവ് (എം.എസ്) നം. 300/2010/തസ്വഭവ തീയതി 10/12/2010

മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് വിനിയോഗം സംബന്ധിച്ച സുപ്രധാന ഉത്തരവാണിത്. ഈ ഉത്തരവ് പ്രകാരം താഴെ പറയുന്ന കാര്യങ്ങൾക്ക് ഈ തുക വിനിയോഗിക്കാം.

1.കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണീച്ചർ.

2.കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് ശുചീകരണ സാധനങ്ങൾ.

3. കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് മഴവെള്ള സംഭരണി നിർമാണം.

4. മൃഗാശുപത്രികൾക്ക് ഉപകരണങ്ങൾ.

5. ആശുപത്രികൾക്ക് ബെഡ്. ബെഡ് ഷീറ്റ്, കട്ടിൽ, ടവൽ എന്നിവ.

6. അംഗൻവാടികൾക്കും സ്കൂളുകൾക്കും സോഷ്യൽ വെൽഫയർ ഡിപ്പാർട്ട്മെന്റിൽ നിന്നും കൈമാറിക്കിട്ടിയ ക്ഷേമ സ്ഥാപനങ്ങൾക്കും ആശുപത്രികൾക്കും ഐ.റ്റി.ഐ/ഐ.റ്റി.സി ഹോസ്റ്റലുകൾ എന്നിവയ്ക്കും കുടിവെള്ള സൗകര്യം,പുതിയ കിണർ നിർമാണം.

7. സ്കൂളുകളിൽ ലേഡീസ് ഫ്രണ്ട്ലി ടോയ്ലറ്റ് ഉൾപ്പെടെയുള്ള ടോയ്ലറ്റ് നിർമാണം.

8. അംഗൻവാടികൾക്കും ശിശുമന്ദിരങ്ങൾക്കും ബേബി ഫ്രണ്ട്ലി ടോയ്ലറ്റ്.

9. സ്കൂളുകൾക്കും ഐ.റ്റി.ഐ/ഐ.റ്റി.സി കൾക്കും റ്റി റ്റി ഐ കൾക്കും ലബോറട്ടറി ഉപകരണങ്ങൾ.

10. സ്കൂളുകൾക്കും ഐ.റ്റി.ഐ/ഐ.റ്റി.സി കൾക്കും റ്റി റ്റി ഐ കൾക്കും ചാർട്ട്, മാപ്പ്, മോഡൽ എന്നിവ.

11. സ്കൂളുകൾക്കും ഐ.റ്റി.ഐ/ഐ.റ്റി.സി കൾക്കും റ്റി റ്റി ഐ കൾക്കും അംഗൻവാടികൾക്കും പ്രീ പ്രൈമറി സ്കൂളുകൾക്കും അദ്ധ്യാപന സഹായികൾ.

12 സ്കൂളുകൾക്കും അംഗൻവാടികൾക്കും പ്രീ പ്രൈമറി സ്കൂളുകൾക്കും സംഗീത/ചിത്രകലാ ഉപകരണങ്ങൾ.

13. സ്പെഷ്യൽ സ്കൂളുകൾക്ക് ആവശ്യമായ ഉപകരണങ്ങൾ.

14. സ്കൂളുകൾക്കും ഐ.റ്റി.ഐ/ഐ.റ്റി.സി കൾക്കും റ്റി റ്റി ഐ കൾക്കും ഹോസ്റ്റലുകൾക്കും സോഷ്യൽ വെൽഫയർ ഡിപ്പാർട്ട്മെന്റിൽ നിന്നും കൈമാറിക്കിട്ടിയ ക്ഷേമ സ്ഥാപനങ്ങൾക്കും ലൈബ്രറി പുസ്തകങ്ങൾ.

15. സ്കൂളുകൾക്കും ഐ.റ്റി.ഐ/ഐ.റ്റി.സി കൾക്കും ഹോസ്റ്റലുകൾക്കും സോഷ്യൽ വെൽഫയർ ഡിപ്പാർട്ട്മെന്റിൽ നിന്നും കൈമാറിക്കിട്ടിയ ക്ഷേമ സ്ഥാപനങ്ങൾക്കും കളിഉപകരണങ്ങൾ.

16. അംഗൻവാടികൾക്കും പ്രീ-പ്രൈമറി സ്കൂളുകൾക്കും കളിക്കോപ്പുകൾ.

17. ക്ഷേമ സ്ഥാപനങ്ങൾക്കും ഹോസ്റ്റലുകൾക്കും കട്ടിൽ, കിടക്ക, ടവൽ, ബെഡ് ഷീറ്റ്,ഫർണീച്ചർ മുതലായവ.

18. സ്കൂളുകൾക്കും ഐ.റ്റി.ഐ/ഐ.റ്റി.സി കൾക്കും റ്റി റ്റി ഐ കൾക്കും ഇന്റർനെറ്റ് ചാർജ്.

19. സ്കൂളുകൾക്കും ഐ.റ്റി.ഐ/ഐ.റ്റി.സി കൾക്കും റ്റി റ്റി ഐ കൾക്കും കമ്പ്യൂട്ടർ എ എം സി.

20. ആശുപത്രി ഉപകരണങ്ങൾക്ക് എ എം സി.

21. സ്കൂളുകൾക്കും അംഗൻവാടികൾക്കും പ്രീ-പ്രൈമറി സ്കൂളുകൾക്കും ഹോസ്റ്റലുകൾക്കും സോഷ്യൽ വെൽഫയർ ഡിപ്പാർട്ട്മെന്റിൽ നിന്നും കൈമാറിക്കിട്ടിയ ക്ഷേമ സ്ഥാപനങ്ങൾക്കും ഗ്യാസ് കണക്ഷൻ, സ്റ്റൗ, അടുക്കളയിലേക്ക് പാത്രങ്ങൾ .

22. പൊതു കക്കൂസുകളും കംഫർട്ട് സ്റ്റേഷനുകളും നിർമാണവും സംരക്ഷണ പ്രവർത്തനവും.

23. പൊതു കിണറുകളുടെസംരക്ഷണം.

24. തദ്ദേശ സ്ഥാപനങ്ങളുടെ കീഴിലുള്ള മത്സ്യ ബന്ധന കേന്ദ്രങ്ങൾ, കടത്ത് കേന്ദ്രങ്ങൾ ഇവയുടെ സംരക്ഷണവും നവീകരണവും.

## സർക്കുലർ നം 63384/ഡിബി2/2011/തസ്വഭവ തീയതി 19/12/2011

ഈ സർക്കുലർ പ്രകാരം തദ്ദേശ സ്ഥാപനത്തിനു കീഴിലുള്ള സ്കൂളുകളിൽ മതിയായ ശുദ്ധജല ലഭ്യതയും ടോയ്‌ലറ്റ് സൗകര്യവും ഏർപ്പെടുത്തുന്നതിനും മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ഉപ യോഗിക്കാവുന്നതാണ്.

## സർക്കുലർ നം 5621/എഫ്.എം/2009/തസ്വഭവ തീയതി 21/05/2009

1. തദ്ദേശ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള പ്രൈമറി, സെക്കന്ററി സ്കൂളുകളിൽ കമ്പ്യൂട്ടർ ലാബുകൾ ഉൾപ്പെടെയുള്ള വിവിധ ലബോറട്ടറികൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവയിൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഉപയോഗിക്കാം.

2.കമ്പ്യൂട്ടർ ലാബുകൾക്ക് ഐ റ്റി അറ്റ് സ്കൂൾ പ്രോജക്ട് പ്രകാരം നിശ്ചയിച്ചിട്ടുള്ള സ്റ്റാൻഡേഡ്, സ്പെസിഫിക്കേഷൻ എന്നിവ അനുസരിച്ചുള്ള കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങാം.

3.ലാബുകൾക്ക് ഉപകരണങ്ങൾ/കൺസ്യൂമബിൾസ്, ഉപകരണങ്ങളുടെ എ എം എസി മുതലായ വയ്ക്ക് ഉപയോഗിക്കാം.

## സർക്കുലർ നം 12245/പി1/05/തസ്വഭവ . സെക്രട്ടറി

കൈമാറിക്കിട്ടിയവ ഉൾപ്പെടെയുള്ള ആസ്തികളുടെ താഴെ പറയുന്ന പ്രവർത്തികൾക്ക് മുൻഗണ നയനുസരിച്ച് മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ഉപയോഗിക്കാവുന്നതാണ്.

1. ചുറ്റുമതിൽ കെട്ടുക.

2.വൈദ്യുതീകരണം.

3.മേൽക്കൂരകൾ മാറ്റുക.

4. ആശുപത്രികൾക്ക് ആവശ്യമായ പുതിയ ഉപകരണങ്ങൾ വാങ്ങുക( ഒരു ഉപകരണത്തിന് പരമാവധി 25,000/ രൂപ വരെ മാത്രം)

5.കെട്ടിടങ്ങൾക്ക് ടോയ്‌ലറ്റ്, അടുക്കള, സ്റ്റോറേജ് റൂം തുടങ്ങിയ അനുബന്ധ ഉപകരങ്ങൾ.

## സർക്കുലർ നം 60644/ഡിഎ1/07/തസ്വഭവ തീയതി 26/11/2007

വിദ്യാലയങ്ങളിലെ മഴവെള്ള സംഭരണികളുടെ അറ്റകുറ്റപ്പണി നടത്തുന്നതിന് മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ഉപയോഗിക്കാവുന്നതാണ്.

## സർക്കുലർ നം 674/കെ2/07/തസ്വഭവ തീയതി 25/02/2007

വികേന്ദ്രീകൃതാസൂത്രണ പദ്ധതി പ്രകാരം നടപ്പാക്കിയിട്ടുള്ള പൊതു ടാപ്പുകൾ മാത്രമുള്ള കുടിവെള്ള സ്കീമുകളുടെ വൈദ്യുതി ചാർജ് അടക്കുന്നതിന് മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ഉപ യോഗിക്കാവുന്നതാണ്.

## സർക്കാർ ഉത്തരവ് (സാ ധാ) നം 1275/2009/തസ്വഭവ തീയതി 30/05/2009

തദ്ദേശ സ്ഥാപനങ്ങൾ നേരിട്ടു പരിപാലിക്കുന്ന പൊതു ടാപ്പുകൾ മാത്രമുള്ള കുടിവെള്ള സ്കീമു കളുടെ നടത്തിപ്പ്, മെയിന്റനൻസ് ചെലവ് വഹിക്കുന്നതിന് മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ഉപയോഗിക്കാവുന്നതാണ്.

(ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് കഴിയാത്ത അവസ്ഥയിൽ മാത്രം)

## സർക്കുലർ നം 43145/എഫ്.എം/10 തസ്വഭവ തീയതി 26/07/2010

### സർക്കുലർ നം 49776/പി1/05/ തസ്വഭവ തീയതി 30/12/2005

ഈ സർക്കുലറുകൾ പ്രകാരം തദ്ദേശ സ്ഥാപനത്തിനു കീഴിലുള്ള ബഡ്സ് സ്കൂളുകളിൽ വർക്ക് ഷെഡ്, ഫർണീച്ചർ, പഠനോപകരണങ്ങൾ, ചികിത്സാ ഉപകരണങ്ങൾ, കുട്ടികൾക്കുള്ള മരുന്ന് എന്നിവ മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ഉപയോഗിച്ച് വാങ്ങാവുന്നതാണ്.

### സർക്കാർ ഉത്തരവ് (എം.എസ്) നം.04/2016/തസ്വഭവ തീയതി 11/01/2016

1.കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ മെയിന്റനൻസിനായി വകയിരുത്താം.

2.കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽ ആധുനിക സംവിധാനങ്ങളും സജ്ജീകരണങ്ങളും ഒരുക്കുന്ന തിനായുള്ള പദ്ധതികൾ.

3.സ്ഥാപനങ്ങളുടെ സേവനം മെച്ചപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും സാധനസാമഗ്രഹി കളും ഉപകരണങ്ങളും വാങ്ങുന്നതിനുമായുള്ള പദ്ധതികൾ.

4.ആശുപത്രികളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായുള്ള പദ്ധതികൾക്ക് മുൻഗണന നൽക ണം.ആശുപത്രികളിൽ ആധുനിക സൗകര്യങ്ങളും സജ്ജീകരണങ്ങളും ഒരുക്കുക, ഉപകരണങ്ങൾ വാങ്ങുക, ആവശ്യമായ അനുബന്ധ സൗകര്യങ്ങൾ സജ്ജീകരിക്കുക, ടോയ്ലറ്റുകൾ നിർമിക്കുക, വാർഡുകൾ ആധുനികവത്കരിക്കുക, മോർച്ചറി സൗകര്യം വർദ്ധിപ്പിക്കുക, ഫർണീച്ചറുകൾ, കമ്പ്യൂ ട്ടറുകൾ എന്നിവ വാങ്ങുക,മാലിന്യ പരിപാലന കുടിവെള്ള പ്രവർത്തികൾ നടത്തുക, (ഇതേ രീതി യിൽ മറ്റ് സ്ഥാപനങ്ങളുടെയും ഗുണനിലവാര വർദ്ധനവിന് ആവശ്യമായ പ്രവർത്തികൾ ചെയ്യാ വുന്നതാണ്)

### സർക്കാർ ഉത്തരവ് (എം.എസ്) നം. 330/2004/തസ്വഭവ തീയതി 09/12/2004

1. ഓല മേഞ്ഞ മേൽക്കൂരകൾ സ്ഥിരമായതോ ഏകദേശം സ്ഥിരമായതോ ആയ മേൽക്കൂരയാക്കി മാറ്റുന്നതിന് മുൻഗണന നൽകണം.

2.മൃഗാശുപത്രികൾ ഉൾപ്പെടെയുള്ള ആശുപത്രികളിലെ ഫർണീച്ചറുകളുടെയും ഉപകരണങ്ങളു ടെയും മെയിന്റനൻസ്.

3. അംഗൻവാടികളുടെയും തദ്ദേശ സ്ഥാപനത്തിന് കൈമാറിക്കിട്ടിയ ഹോസ്റ്റലുകളുടെയും മെയിന്റ നൻസ്.

### സർക്കാർ ഉത്തരവ് (സാ.ധാ) നം. 3065/2016/തസ്വഭവ തീയതി 10/11/2016

ഈ ഉത്തരവ് പ്രകാരം പട്ടിക ജാതി, പട്ടിക വർഗത്തിൽപ്പെട്ടവർ ഗുണഭോക്താക്കളായ കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജിന് മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ഉപയോഗിക്കാവുന്നതാ ണ്.

### കോ – ഓർഡിനേഷൻ കമ്മിറ്റി തീരുമാനം നം.3 തീയതി 07/09/2016

അംഗൻവാടി കെട്ടിടം നിർമിക്കുന്നതിന് മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ഉപയോഗിക്കാവുന്ന താണ്.

(ചട്ടപ്രകാരം പ്രത്യേകമായ സർക്കാർ ഉത്തരവുകളോ സർക്കുലറുകളോ ആവശ്യമില്ലാത്ത കേസു കളിൽ കോ ഓർഡിനേഷൻ കമ്മിറ്റിയുടെ മിനിട്സിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവർക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ് എന്ന കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 28/12/2016 ലെ 2.21 എന്ന തീരുമാന പ്രകാരം പ്രത്യേക ഉത്തരവില്ലാതെ തന്നെ തദ്ദേശ സ്ഥാപനങ്ങൾക്ക് നടപടികൾ സ്വീകരിക്കാവുന്നതാണ്. )

**പ്രത്യേക ശ്രദ്ധയ്ക്ക്**

തദ്ദേശ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലും മേൽനോട്ടത്തിലുമുള്ള എല്ലാ ആസ്തികളും സംരക്ഷിക്കേണ്ടത് പഞ്ചായത്തിന്റെ ചുമതലയാണ്. കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ, ഓഫീസുകൾ എന്നിവയും പഞ്ചായത്ത് സംരക്ഷിക്കേണ്ടതാണ്. അനുബന്ധം 3 (5) ൽ ലഭിക്കുന്ന ശുപാർശകളും അനുബന്ധം 10 ൽ സമർപ്പിക്കുന്ന നിർദ്ദേശങ്ങളും പരിഗണിച്ച് മെയിന്റനൻസ് പദ്ധതി തയ്യാറാക്കണം. (സർക്കാർ ഉത്തരവ് നം(എം എസ്) നം. 04/2016/ തസ്വഭവ തീയതി 11/01/2016

### *2.പെറ്റി വർക്കുകൾ ഏറ്റെടുക്കുന്നതിന് തുക പരിധിയുണ്ടോ. ആയത് സംബന്ധിച്ച ഉത്തരവ് ഉണ്ടോ ?*

ഗ്രാമപഞ്ചായത്തുകളിൽ അടിയന്തിര ഘട്ടങ്ങളിൽ 10,000 രൂപ വരെയുള്ള റിപ്പയർ വർക്കുകൾ തനത് ഫണ്ട് ഉപയോഗിച്ച് ഡി പി സി യുടെ മുൻകൂർ അനുമതിയില്ലാതെ ചെയ്യാവുന്നതാണ്. ഇത്തരം പ്രവൃത്തികൾക്ക് പഞ്ചായത്ത് അസി. എഞ്ചിനീയർക്കു തന്നെ സാങ്കേതികാനുമതിയും നൽകാവുന്നതാണ്. ഈ രീതിയിൽ പ്രവൃത്തികൾ ചെയ്യാമെങ്കിലും പിന്നീട് ഡി പി സി അംഗീകാരം വാങ്ങേണ്ടതാണ്.

**(കോ ഓർഡിനേഷൻ കമ്മിറ്റി തീരുമാനം 23 തീയതി 23/07/2009, ഗവ ലെറ്റർ നം 39957/ഡി.ബി/2009/ തസ്വഭവ തീയതി 08/08/2009)**

ഗ്രാമപഞ്ചായത്തുകൾക്ക് 10,000, ബ്ളോക്ക് പഞ്ചായത്തുകൾക്ക് 15,000, ജില്ലാ പഞ്ചായത്തുകൾക്ക് 25,000, മുനിസിപ്പാലിറ്റികൾക്ക് 50,000, കോർപറേഷനുകൾക്ക് 75,000 വരെയുള്ള പെറ്റി വർക്കുകൾ ഏറ്റെടുക്കാം.

**(സർക്കുലർ നം 4676/പി3/99/തസ്വഭവ തീയതി 10.01.2000)**

പെറ്റി വർക്കുകൾക്ക് ഡി പി സി സാധൂകരണം വാങ്ങേണ്ടതില്ല.

**(സർക്കാർ ഉത്തരവ് (എം.എസ്)നം 04/2016 /തസ്വഭവ തീയതി 11.01.2016**

### *3.വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾക്ക് വാടക നിശ്ചയിക്കാൻ എൽ എസ് ജി ഡി എഞ്ചിനീയർക്ക് അധികാരമുണ്ടോ ?*

ഉണ്ട്. സർക്കുലർ നം 31055/സിസി2/2011/തസ്വഭവ തീയതി 22.03.2011 പ്രകാരം വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികളുടെ വാടക നിശ്ചയിക്കുന്നതിന് എൽ എസ് ജി ഡി എഞ്ചിനീയർക്ക് അധികാരമുണ്ട്.

### *4. തുടർച്ചയായി ടെണ്ടർ ക്ഷണിച്ചിട്ടും ടെണ്ടർ ലഭിക്കുന്നില്ലെങ്കിൽ ഒരു മരാമത്ത് പണി എങ്ങിനെ ചെയ്യാൻ കഴിയും ?*

03.11.2003 ലെ സ.ഉ(പി) നം 322/03/തസ്വഭവ എന്ന ഉത്തരവ് പ്രകാരം തുടർച്ചയായി ടെണ്ടർ ക്ഷണിച്ചിട്ടും ടെണ്ടർ ലഭിക്കുന്നില്ലെങ്കിൽ തദ്ദേശ സ്ഥാപനത്തിന് അർഹരായ കോൺട്രാക്ടർമാരുമായി നേരിട്ട് നെഗോഷ്യേറ്റ് ചെയ്ത് എസ്റ്റിമേറ്റ് റേറ്റിലോ അതിൽ കുറവോ ആയ നിരക്കിൽ തീരുമാനിച്ച് നിർമാണം ഏൽപിക്കാവുന്നതാണ്.കൂടാതെ എസ്റ്റിമേറ്റ് തുകയിൽ അധികരിക്കാതെ അക്രെഡിറ്റഡ് ഏജൻസികൾ വഴിയോ നേരിട്ടോ നിർവഹണം നടത്താവുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും ഗുണഭോക്തൃ സമിതിയെ ഏൽപ്പിക്കാൻ പാടില്ല.

### *5. ഗ്രാമസഭയ്ക്ക് ചെലവു പരിധിയുണ്ടോ ?*

ഗ്രാമസഭയ്ക്ക് ചെലവ് പരിധി പ്രത്യേകിച്ച് പറഞ്ഞിട്ടില്ല.കേരളാ പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 3, സർക്കുലർ നം 37806/എൽ3/98 തഭവ തീയതി 10.09.1998 എന്നിവ കാണുക.

ഗ്രാമസഭകൾ നടത്തുന്നതിന് നിയമപരമായ ചെലവുകൾ നടത്താവുന്നതാണ്. നോട്ടീസ്, മൈക്ക് സെറ്റ്, ആവശ്യമായ കസേരകളും മറ്റും വാടകയ്ക്ക് എടുക്കൽ, പന്തൽ(ആവശ്യമെങ്കിൽ) എന്നിവയ്ക്കെല്ലാം ആവശ്യമായ നടപടികൾ സ്വീകരിച്ച് ചെലവ് ചെയ്യാം.

പദ്ധതി രൂപീകരണ ഗ്രാമസഭ, ഗുണഭോക്തൃ ഗ്രാമസഭ എന്നിവയ്ക്ക് വാർഷിക പദ്ധതിയിലെ പദ്ധതി രൂപീകരണം, നിർവഹണം, മോണിട്ടറിംഗ് എന്ന പദ്ധതിയിൽ നിന്നും ചെലവ് ചെയ്യാം. ഈ ആവശ്യത്തിന് സ്പിൽ ഓവർ പ്രോജക്ടുകൾ അനുവദനീയമല്ല.വാർഷിക പദ്ധതിയിൽ പദ്ധതി രൂപീകരണം, നിർവഹണം, മോണിട്ടറിംഗ് എന്ന പദ്ധതിക്കായി ഗ്രാമസഭയുൾപ്പെടെ മുഴുവൻ ചെലവുകൾക്കുമായി താഴെ പറയും പ്രകാരം തുക വകയിരുത്താം.

| തദ്ദേശ സ്ഥാപനം | പദ്ധതി രൂപീകരണം (ശതമാനവും തുകയും) | നിർവഹണം, മോണിട്ടറിംഗ് (ശതമാനവും തുകയും) |
|---|---|---|
| ഗ്രാമപഞ്ചായത്ത് | 3 ലക്ഷം രൂപ (പരമാവധി 2%) | 1.5 ലക്ഷം രൂപ (പരമാവധി 1 %) |
| ബ്ളോക്ക് പഞ്ചായത്ത് | 2 ലക്ഷം രൂപ (പരമാവധി 1%) | 1.5 ലക്ഷം രൂപ (പരമാവധി 1 %) |
| ജില്ലാ പഞ്ചായത്ത് | 3 ലക്ഷം രൂപ (പരമാവധി 0.1 %) | 4 ലക്ഷം രൂപ (പരമാവധി 0.2%) |

### *6.സ.ഉ(സാധാ) നം 420/16/തസ്വഭവ തീയതി 02.02.2016, കൂടാതെ സ.ഉ(സാധാ) നം 1200/16/തസ്വഭവ തീയതി 04.03.2016 എന്നീ ഉത്തരവുകൾ പ്രകാരം പട്ടികജാതി / പട്ടിക വർഗ ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണം, ഭവന നിർമാണത്തിന് സ്ഥലം വാങ്ങൽ എന്നിവയ്ക്കായി പട്ടികജാതി / പട്ടിക വർഗ വകുപ്പുകൾ നിശ്ചയിക്കുന്ന ധനസഹായ നിരക്കുകൾ 20.01.2016 മുതൽ അവലംബിക്കാൻ തദ്ദേശ ഭരണ സ്ഥാപനങ്ങളെ അനുവദിച്ചു തീരുമാനിച്ചിരുന്നു. എന്നാൽ പട്ടിക ജാതി വകുപ്പിൽ നിന്നും അനുവദിക്കുന്ന തുക എത്രയൊക്കെയാണ്. ആയത് സംബന്ധിച്ച ഉത്തരവുകൾ ഏതൊക്കെയാണ് ?*

സ.ഉ(കൈ)നം. 42/14/പജപവവിവ തീയതി 11.07.2014- പട്ടികജാതി ഭവന നിർമാണ സഹായം 3,00,000 രൂപയായി വർദ്ധിപ്പിച്ചു.

സ.ഉ(കൈ)നം. 70/2013/പജപവവിവ തീയതി 03/09/2013- ഭവന പുനരുദ്ധാരണം/അഡീഷണൽ റൂം നിർമാണം എന്നിവയ്ക്കുള്ള ധനസഹായം 50,000 രൂപയാക്കി വർദ്ധിപ്പിച്ചു.

സ.ഉ(കൈ)നം. 73/ 2014/ പജപവവിവ തിരുവനന്തപുരം തീയതി 09.10.2014 - ഗ്രാമപഞ്ചായത്തുകളിൽ വസ്തു വാങ്ങുന്നതിന് 3.75 ലക്ഷം രൂപയായും (കുറഞ്ഞത് 5 സെന്റ്) മുനിസിപ്പാലിറ്റികളിൽ 4.50 ലക്ഷം രൂപയായും (കുറഞ്ഞത് 3 സെന്റ്) കോർപറേഷനിൽ 6 ലക്ഷം രൂപയായും ഉത്തരവായി.

03.04.2017 ലെ സ.ഉ(എം എസ്) നമ്പർ .80/2017 /തസ്വ ഭവ എന്ന ഉത്തരവ് പ്രകാരം താഴെ പറയും പ്രകാരം ആനുകൂല്യം നൽകാവുന്നതാണ്.

മേൽക്കൂര മാറ്റൽ - പൊതു വിഭാഗം- 50,000

- പട്ടികജാതി - 75,000

- പട്ടിക വർഗം - 75,000

വീട് വാസയോഗ്യമാക്കൽ - പൊതു വിഭാഗം- 1,00,000

- പട്ടികജാതി - 1,50,000

- പട്ടിക വർഗം - 1,50,000

*7. സോഷ്യൽ സെക്യൂരിറ്റി മിഷൻ വിഹിതം ധനകാര്യ കമ്മിഷൻ തുകയിൽ നിന്നും നൽകാമോ ?*

നൽകാൻ പാടില്ല. മുൻ വർഷങ്ങളിൽ വികസന ഫണ്ട് ഉപയോഗിക്കുന്നതു പോലെ ധന കാര്യ കമ്മിഷൻ വിഹിതവും ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കാൻ കഴിഞ്ഞിരുന്നു. എന്നാൽ സർക്കാർ ഉത്തരവ് (എം.എസ്) നം.04/2016/തസ്വഭവ തീയതി 11/01/2016, 72/2017/തസ്വഭവ തീയതി 29.03.2017 എന്നിവ പ്രകാരം പതിനാലാം ധനകാര്യ കമ്മിഷൻ വിഹിതം ഏതൊക്കെ പദ്ധതി കൾക്കായി മാത്രമാകണമെന്ന് നിഷ്കർഷിക്കുന്നു.

അടിസ്ഥാന സേവന ഉപപദ്ധതിക്കായാണ് ധനകാര്യ കമ്മിഷൻ വിഹിതം ഉപയോഗിക്കേണ്ടത്. ആയത് പ്രകാരം ധനകാര്യ കമ്മിഷൻ തുക താഴെ പറയുന്നവയ്ക്കായി മാത്രമേ വകയിരുത്താൻ കഴിയുകയുള്ളൂ.

1.ശുചിത്വം, കക്കൂസ് മാലിന്യ പരിപാലനം

2.മലിനജല നിർഗമനം,ഖരമാലിന്യ പരിപാലനം.

3.ശ്മശാനങ്ങൾ സ്ഥാപിക്കൽ

4.കുടിവെള്ള വിതരണം

5.നടപ്പാതകളുടെ നിർമാണം, തെരുവ് വിളക്കുകൾ സ്ഥാപിക്കൽ

6.ഗ്രാമപഞ്ചായത്തിന്റെയും ഘടക സ്ഥാപനങ്ങളുടെയും കെട്ടിടങ്ങൾ ഒഴികെയുള്ള സാമൂഹിക ആസ്തികളുടെ പരിപാലനം, സംരക്ഷണം

7.റോഡ് സംരക്ഷണം, പരിപാലനം

**8.പട്ടിക ജാതി, പട്ടിക വർഗ മെറിട്ടോറിയസ് വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്നതിന് ധനസഹായം നൽകാവുന്നതാണല്ലോ. ഡിപ്പാർട്ട്മെന്റ് അംഗീകരിച്ച പ്രൊഫഷണൽ കോഴ്സുകൾ ഏതെല്ലാമാണ് ?**

1.എഞ്ചിനീയറിംഗ് / അനുബന്ധ കോഴ്സുകൾ

2.എം.ബി.ബി.എസ്

3.ബി.ഡി.എസ്

4.ബി.എ.എം.എസ്

5.ബി.എച്ച്.എം.എസ്

6.ബി.എസ്.എം.എസ്

7. ബി ഫാം / ഡി ഫാം (എല്ലാ വിഭാഗത്തിലും)

8.എല്ലാ മെഡിക്കൽ ബിരുദാനന്തര ബിരുദ കോഴ്സുകളും

9.ബി.എസ്.സി നഴ്സിംഗ്

10.ബി.എസ്.സി(അഗ്രി).എം.എസ്.സി (അഗ്രി)

11.ബി വി എസ് സി ആന്റ് എം വി എസ് സി

12.ബി എഫ് എസ് സി ആന്റ് എം എഫ് എസ് സി

13.ഡയറി കോഴ്സ് (ഡിപ്ലോമ, എഞ്ചിനീയറിംഗ്)

14.എഞ്ചിനീയറിംഗ്, പി ജി കോഴ്സുകൾ

15.ബി എഡ് ആന്റ് എം എഡ്

16.ബി പി എഡ് ആന്റ് എം പി എഡ്

17.എം.സി.എ, ബി ബി എ ആന്റ് ബി സി എ

18.എം ബി എ

19.എം എസ് ഡബ്ളിയു

20.എൽ എൽ ബി, എൽ എൽ എം ആന്റ് ബി ജി എൽ

21.ബി റ്റി എ ആന്റ് എം റ്റി എ

22.ബി എൽ ഐ എസ് , എം എൽ ഐ എസ്, സി എൽ ഐ എസ് ആന്റ് ഡി എ എസ്

23.ഹോട്ടൽ മാനേജ്മെന്റ് ഡിഗ്രി / പി ജി കോഴ്സുകൾ

24.എം എഫ് ഐ/ ബി എഫ് ഐ (ഫൈൻ ആർട്സ്)

25.ഹൗസ് സർജൻസി

26.ചാർട്ടേഡ് അക്കൗണ്ടൻസി

27.മ്യൂസിക് ഡിഗ്രി/ പി ജി കോഴ്സുകൾ

*9.ടെണ്ടർ ഫോമിനു തുക അടക്കുന്നതിൽ നിന്ന് ഏതെങ്കിലും സ്ഥാപനത്തിന് ഇളവ് അനുവദിക്കാമോ ?*

സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ 17.05.2014 ലെ G O(p) No.06/2014/SPD എന്ന ഉത്തരവ് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള മൈക്രോ,സ്മാൾ, മീഡിയം സ്ഥാപനങ്ങളെ ടെണ്ടർ ഫോം, ഇ എം ഡി എന്നിവയിൽ നിന്നും ഒഴിവാക്കി ഉത്തരവായിട്ടുണ്ട്.രജിസ്ട്രേഷന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്.

*10.ടെണ്ടർ ഫോമിനു നിലവിലെ വാറ്റ് എത്ര ശതമാനമാണ് ?*

5 ശതമാനം

*11.പട്ടികജാതി പട്ടിക വർഗ വിഭാഗത്തിൽപ്പെട്ട ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് മേശ, കസേര എന്നിവ വാങ്ങി നൽകാവുന്നതാണോ ?*

ഹൈസ്കൂൾ വിദ്യാർത്ഥികൾക്കും വാങ്ങി നൽകാവുന്നതാണ്. സ.ഉ(എം.എസ്) നമ്പർ. 80/ 2017/തസ്വഭവ തീയതി 03.04.2017 ഉത്തരവ് ( 2017-18 സബ്സിഡി മാർഗ രേഖ) പേജ് നം 56 കാണുക

പട്ടികജാതി പട്ടിക വർഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 5,000 രൂപയിൽ അധികരിക്കാതെ മേശയും കസേരയും (സ്റ്റീൽ/ മരം) വാങ്ങി നൽകാവുന്നതാണ്. സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരമായിരിക്കണം നൽകേണ്ടത്. ഫർണീച്ചർ വാങ്ങി സ്കൂൾ അധികൃതർ മുഖേന വിതരണം നടത്തണം. ഒരു വിദ്യാർത്ഥിക്ക് ഒരിക്കൽ മാത്രമേ ഈ ആനുകൂല്യം നൽകാവൂ. പട്ടികജാതി പട്ടിക വർഗ വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചവരാകരുത്. നിർദ്ധന കുടുംബങ്ങൾക്ക് മുൻഗണന നൽകണം.ഗുണഭോക്തൃ ലിസ്റ്റിന് ഗ്രാമസഭ/വാർഡ് സഭയുടെ അംഗീകാരം വാങ്ങണം.

### *12.2013-14 ലെ സി എഫ് എൽ സ്ഥാപിക്കുന്ന ഒരു പ്രോജക്ട് 2017-18 ലേക്ക് സ്പിൽ ഓവറാക്കാൻ കഴിയുമോ ?*

25-04-2017 ലെ സ.ഉ (സാ.ധാ) നം. 3631/17/ധന, 28-04-2017 ലെ സ.ഉ (സാ.ധാ) നം. 3689/17 , സർക്കുലർ നം ഡി എ 1/279/ 2017 തീയതി 21-05-2017 എന്നീ ഉത്തരവുകൾ പ്രകാരം 2015-16 നു മുമ്പ് നിർവഹണം ആരംഭിച്ച പ്രോജക്ടുകൾ സ്പിൽ ഓവറാക്കി തുടരണമെങ്കിൽ സർക്കാരിൽ നിന്നും പ്രത്യേക അനുമതി വാങ്ങേണ്ടതാണ്.

ഒരു പ്രോജക്ട് സ്പിൽ ഓവർ ആയ അതേ വർഷം തന്നെ നിർബന്ധമായും പൂർത്തീകരിക്കേണ്ടതാണ്. സ്പിൽ ഓവറായി പദ്ധതികൾ അനന്തമായി നീളുന്നത് ഒട്ടും ആശാസ്യകരമല്ല.

### *13.ദിനപത്രങ്ങളിൽ പ്രസിദ്ധീകരിക്കേണ്ട വിൻഡോ പരസ്യങ്ങൾക്കു പ്രത്യേക ഇളവോ സ്ളാബോ ഉണ്ടോ ? ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം ?*

ദിനപത്രങ്ങളിൽ പ്രസിദ്ധീകരിക്കേണ്ട വിൻഡോ പരസ്യങ്ങൾ താഴെ പറയുന്ന അടിസ്ഥാന വിവരങ്ങൾ മാത്രം ഉൾക്കൊള്ളുന്നവയാകണം.

ദർഘാസ് ക്ഷണിക്കുന്ന വകുപ്പിന്റെ പേര്

ജോലിയുടെ പേര്

ദർഘാസ് ഫോറത്തിന്റെ വില

നിരത ദ്രവ്യം

ദർഘാസ് സ്വീകരിക്കുന്ന അവസാന ദിവസം

ബന്ധപ്പെടേണ്ട ഫോൺ നം

വെബ്സൈറ്റ് വിലാസം

വിൻഡോ നം ( വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചതിന്റെ)

പരസ്യങ്ങൾക്ക് മൂന്ന് സെന്റീമീറ്റർ X രണ്ട് കോളം വലുപ്പം വേണം.

വിവര- പൊതുജന സമ്പർക്ക വകുപ്പ് (I and PR) മീഡിയാ ലിസ്റ്റിലുള്ള പത്രങ്ങൾക്ക് മാത്രമേ പരസ്യങ്ങൾ നൽകാവൂ. പരസ്യങ്ങൾക്ക് 15 ശതമാനം ഡിസ്കൗണ്ട് അനുവദിക്കണം.

**സർക്കാർ ഉത്തരവ് – ജി ഒ (ആർ.ടി) 1/2011/പി ആൻഡ് ആർഡി വകുപ്പ് തീയതി 04.01.2011**

**പൊതു ഭരണ ഇൻഫർമേഷൻ ആൻഡ് പബ്ളിക് റിലേഷൻസ് – ഡി ) വകുപ്പ് സ.ഉ (അച്ചടിച്ചത്) 01/04 I and PR തീയതി 01.01.2004, സർക്കുലർ നം 7441/ഡി-1/04 I and PR തീയതി 21.06.2004 )**

*14.പലപ്പോഴും റോഡ് വീതി കൂട്ടുന്നതു പോലുള്ള വർക്കുകൾക്ക് നാട്ടുകാർ സൗജന്യമായി ഭൂമി വിട്ടു നൽകാറുണ്ട്. ഈ വസ്തു പഞ്ചായത്തിന്റെ ആസ്തിയായി ഉൾപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കണം ?*

പഞ്ചായത്തിന്റെ പൊതു ആവശ്യത്തിനായി സ്വകാര്യ വ്യക്തികൾ സൗജന്യമായി ഭൂമി വിട്ടു തരുന്നതിന് ലാന്റ് റീലിങ്ക്വിഷ്മെന്റ് ഫോമിൽ ബന്ധപ്പെട്ട വില്ലേജ് ഓഫീസർ കൗണ്ടർ സൈൻ ചെയ്ത് അപേക്ഷ സമർപ്പിക്കുമ്പോൾ തുടർ നടപടികൾക്കായി പ്രസ്തുത അപേക്ഷ ആർ.ഡി ഒ യ്ക്ക് അയച്ചു കൊടുക്കണം. കേരളാ ലാന്റ് റീലിങ്ക്വിഷ്മെന്റ് ആക്ട് പ്രകാരം നടപടി സ്വീകരിച്ച് ഭൂമി വച്ചൊഴിയൽ സംബന്ധിച്ച് ആർ ഡി ഒ നടപടിക്രമം ഇറക്കിയതിനു ശേഷം മാത്രമേ രേഖകൾ പ്രകാരം ഭൂമി പഞ്ചായത്തിന്റെ അധീനതയിൽ വരികയുള്ളൂ.

*15.അംഗൻവാടി ഹോണറേറിയം വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയുമോ ?*

കഴിയില്ല, മുൻ ഉത്തരവുകളോടൊപ്പം സ.ഉ(എം.എസ്) നം 04/2016 തീയതി 11/01/2016 , സ.ഉ ജി.ഒ (എം.എസ്) നം 72/2017/ തസ്വഭവ തിരുവനന്തപുരം തീയതി 29.03.2017 കാണുക

സ്ത്രീക്കും പുരുഷനും ഒരു പോലെ പ്രയോജനം ലഭിക്കുന്ന വീട് നിർമാണം, കക്കൂസ് നിർമാണം, കുടിവെള്ളം ലഭ്യമാക്കൽ, വീട് വൈദ്യുതീകരണം , അംഗൻവാടി പോഷകാഹാരം എന്നിവയും വനിതാ ഘടക പദ്ധതിയിൽ വരില്ല.

വനിതാ പദ്ധതിയിലുൾപ്പെടുത്താൻ കഴിയുന്ന പ്രോജക്ടുകൾ ഏതൊക്കെയാണെന്ന് നോക്കാം.

1. സ്കൂളുകളിൽ ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റ്.

2.കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുൾപ്പെടെയുള്ള ഓഫീസുകളിൽ വനിതാ സൗഹൃദ ടോയ്‌ലറ്റുകൾ, ഫീഡിംഗ് റൂമുകൾ

3.സ്ത്രീകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ, ഉൽപന്നങ്ങൾക്ക് വിപണന കേന്ദ്രങ്ങൾ

4.സാമൂഹ്യ നീതി വകുപ്പ് നടപ്പാക്കുന്ന നിർഭയ പദ്ധതിയിൽ ഉൾപ്പെടുത്തി തായ്ക്വണ്ട,ജൂഡോ, കരാട്ടേ എന്നിവയിൽ ഹൈസ്കൂൾ/ ഹയർസെക്കന്ററി വിദ്യാർത്ഥിനികൾക്ക് പരിശീലനം നൽകാം

5.സ്കൂളുകളിൽ ഷീ പാഡ് പ്രോജക്ട്

6.ലാബ് ടെക്നിഷ്യൻ കോഴ്സ് പാസായിട്ടുള്ള വനിതകൾക്ക് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ലബോറട്ടറികൾ സ്ഥാപിക്കുന്നതിന് ധനസഹായം.

7.ആയുഷുമായി സഹകരിച്ച് വനിതകൾക്ക് യോഗ പരിശീലനം.

8.ജാഗ്രതാ സമിതികൾ.

*16.ഗ്രാമപഞ്ചായത്തിനു വാഹനം വാങ്ങുന്നതു സംബന്ധിച്ച ഉത്തരവ് ഏതാണ്. എത്ര രൂപ വരെ ചെലവഴിക്കാം. സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണോ ?*

സ.ഉ(എം.എസ്) 169/03/ തസ്വഭവ തീയതി 27.05.2003 , സ.ഉ(എം.എസ്) 86/06/തസ്വഭവ തീയതി 31.03.2006 , ജി. ഒ (ആർ.ടി) 2528/2012 തസ്വഭവ തീയതി 06.09.2012 എന്നിവയാണ് തദ്ദേശ സ്ഥാപനങ്ങൾക്ക് വാഹനം വാങ്ങുന്നതു സംബന്ധിച്ച ഉത്തരവുകൾ

താഴെ പറയുന്ന സ്ഥിതിയിൽ വാഹനം വാങ്ങുന്നതിന് സർക്കാർ അനുമതി ആവശ്യമില്ല.

1. സ്വന്തമായി വാഹനം ഇല്ലാത്ത ഗ്രാമപഞ്ചായത്തുകൾക്ക് പുതുതായി വാഹനം വാങ്ങുന്നതിന്

2.എല്ലാ തലങ്ങളിലെ തദ്ദേശ സ്ഥാപനങ്ങളുടെയും നിലവിലുള്ള ഉപയോഗയോഗ്യമല്ലാത്ത വാഹനങ്ങൾ മാറ്റി പുതിയ വാഹനം വാങ്ങുന്നതിന്( പക്ഷേ പഴയ വാഹനങ്ങൾ കണ്ടം ചെയ്യുന്നതിനുളള നടപടികൾ പൂർത്തീകരിച്ചിരിക്കണം.

10 ലക്ഷം രൂപ വരെയുള്ള വാഹനങ്ങൾ വാങ്ങാവുന്നതാണ്.

*17.മെഡിക്കലോഫീസർ നിർവഹണ ഉദ്യോഗസ്ഥനായ പാലിയേറ്റീവ് കെയർ പദ്ധതിയിലേക്ക് ആവശ്യമായ വാഹനം ഉൾപ്പെടെയുള്ളവയുടെ ക്വട്ടേഷൻ നടപടികൾ സെക്രട്ടറി ചെയ്യണം എന്ന് ആവശ്യപ്പെടുന്നു ?*

പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അതാത് നിർവഹണ ഉദ്യോഗസ്ഥർ തന്നെ നടത്തേണ്ടതാണ്. പാലിയേറ്റീവ് കെയർ പദ്ധതിയിലേക്ക് വാഹനം ഉൾപ്പെടെയുള്ളവ ക്വട്ടേഷൻ നടപടികളിലൂടെ ലഭ്യമാക്കാൻ അനുവാദം ഉള്ളതാണ്. വെബ്സൈറ്റിലും മറ്റും പ്രസിദ്ധീകരിക്കുന്നതിന് സെക്രട്ടറിയുടെ സഹായം തേടാവുന്നതാണ്.

*18.വേൾഡ് ബാങ്ക് തുകയുപയോഗിച്ച് സ്കൂൾ കെട്ടിടം പണിയാൻ കഴിയുമോ. പ്ലാൻ ഫണ്ട് ഉപയോഗിക്കുന്ന അതേ രീതിയിൽ വേൾഡ് ബാങ്ക് ഫണ്ടും ഉപയോഗിക്കാമോ ?*

വേൾഡ് ബാങ്ക് തുകയുപയോഗിച്ച് സ്കൂൾ കെട്ടിടം പണിയാവുന്നതാണ്. ഗ്രാമപഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും കാര്യശേഷി വർദ്ധിപ്പിക്കുക, സാമ്പത്തികവും വികസന പരവുമായ പ്രവർത്തനം മെച്ചപ്പെടുത്തുക, പരിശീലന പരിപാടികൾ കുറ്റമറ്റതാക്കുക, തദ്ദേശ സ്ഥാപനങ്ങളുടെ സ്ഥിതി വിവര കണക്കുകൾ പൂർണമാക്കുക,, തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ സഹായിക്കുക, ജനങ്ങൾക്കു നൽകുന്ന സേവനങ്ങൾ മെച്ചപ്പെടുത്തുക എന്നിവയൊക്കെയാണ് കെ.എൽ.ജി.എസ്.ഡി. പ്രോജക്ടിന്റെ ലക്ഷ്യങ്ങൾ.

**(സ.ഉ(സാ.ധാ) നം. 1731/2011/തസ്വഭവ തീയതി 20.07.2011)**

**അനുവദനീയമല്ലാത്ത പ്രവർത്തികൾ (നെഗറ്റീവ് ലിസ്റ്റിലുൾപ്പെട്ടവ)**

1. ഭൂമി വാങ്ങൽ

2. ഷോപ്പിംഗ് കോംപ്ളക്സ് (നിർമാണം, അറ്റകുറ്റപ്പണി)

3. വാഹനം വാങ്ങൽ (ജീപ്പ്, കാർ, ആംബുലൻസ്, ട്രാക്ടർ)

4. വ്യക്തിഗത ഭവന നിർമാണം, വൈദ്യുതീകരണം, ലോൺ തിരിച്ചടവ്

5. മാച്ചിംഗ് ഗ്രാന്റ് (അംഗൻവാടി വേതനം, പൂരക പോഷകാഹാരം, ഐ കെ എം വിഹിതം, എസ് എസ് എ, വാട്ടർ അതോറിറ്റി ഡെപോസിറ്റ്/ ബിൽ ഒടുക്കൽ, സ്റ്റാമ്പ് ഡ്യൂട്ടി, ഡിക്രീ പേയ്മെന്റ്, ടെന്റർ എക്സസ്, ജലനിധി വിഹിതം)

6. വിദ്യാഭ്യാസ പരിപാടികൾ(സ്കോളർഷിപ്പ്, വർക്ക് ഷോപ്പുകൾ, തുല്യതാ പരീക്ഷാ ഫീസ്, ഹെൽത്ത് ഇൻഷ്വറൻസ്, ഉച്ച ഭക്ഷണം, പാത്രങ്ങളും പുസ്തകങ്ങളും , കരിയർ ഗൈഡൻസ്,വിജ്ഞാൻ ജ്യോതി, പി എസ് സി കോച്ചിംഗ്, യൂണിഫോം വിതരണം, സാക്ഷരതാ മിഷൻ, കണ്ണട വിതരണം, ബോധവത്കരണ പരിപാടികൾ)

7. ആരോഗ്യ മേഖല( പാലിയേറ്റീവ് കെയർ- ആസ്തികളല്ലാത്തവ, മരുന്ന് വാങ്ങൽ, വൃദ്ധജന പരിപാടികൾ,അർബുദ നിയന്ത്രണ പരിപാടികൾ, യോഗ ക്ളാസുകൾ)

8.ക്ഷേമകാര്യം(അംഗൻവാടി ഓണറേറിയം, വിധവാ പെൻഷൻ, ബാലസഭാ സംഗമം, ബഡ്സ് സ്കൂൾ- ആസ്തികൾ ഒഴികെയുള്ളവ, വികലാംഗ കുട്ടികൾക്കായുള്ള തൊഴിൽ അവസരം, വനിതാ റെഡിമെയ്ഡ് യൂണിറ്റ്, വ്യക്തികൾക്ക് കിണർ, കക്കൂസ്, ഗ്രാന്റ്, തെങ്ങുകയറ്റ തൊഴിലാളി ഇൻഷ്വറൻസ്, കുടുംബശ്രീ യൂണിറ്റുകൾക്ക് കോഴി വളർത്തൽ, ക്ളബുകൾക്ക് സ്പോർട്സ് കിറ്റ്, കുടുംബശ്രീ ഹോട്ടൽ പെയിന്റിംഗ്, വൈദ്യുതീകരണം, കൗമാര പ്രായക്കാരായ ആൺകുട്ടികൾക്കു പോഷകാഹാര വിതരണം, മഴപൊലിമ)

9. മറ്റുള്ളവ (അടുക്കള തോട്ടം, കാലി വളർത്തൽ, മൃഗാശുപത്രിയിലേക്ക് മരുന്ന്, വാണിജ്യ മേള, വ്യവസായ പ്രദർശനം, സമഗ്ര തെങ്ങു വികസന പരിപാടി)

**നടപ്പാക്കാനാവാത്ത മറ്റ് പ്രവർത്തികൾ**

**(സ.ഉ(സാ.ധാ) നം 1731/2011/തസ്വഭവ തീയതി 20.07.2011)**

1.ഗ്രാമപഞ്ചായത്തുകളുടെയോ മുനിസിപ്പാലിറ്റികളുടെയോ പ്രവർത്തനാധികാര പരിധിയിൽപ്പെടാത്ത പ്രവർത്തികളും ഈ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെയും ധനവിനിയോഗത്തെയും സംബന്ധിച്ച ഏതെങ്കിലും സർക്കാർ ഉത്തരവോ ചട്ടമോ അനുസരിച്ചല്ലാതെയുള്ള പ്രവൃത്തികൾ

2.അമ്പലം, പള്ളി, ശവകുടീരം പോലുള്ള ഏതെങ്കിലും തരത്തിലുള്ള മതപരമായ കെട്ടിടങ്ങളുടെ നിർമാണവും പരിപാലനവും

3.ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, റിസോർട്ടുകൾ തുടങ്ങിയ വാണിജ്യ സ്വഭാവമുള്ള സംരംഭങ്ങളുമായി ഏതെങ്കിലും തരത്തിൽ ബന്ധമുള്ള പ്രവൃത്തികൾ

4.സൈനികമോ അർദ്ധ സൈനികമോ ആയ പ്രവൃത്തികൾ

5.ലഹരി പാനീയങ്ങൾ

6.പുകയില, അസംസ്കൃത പുകയില, പുകയില അവശിഷ്ടങ്ങൾ

7.പുകയില, പുകയിലയോ പകരം വസ്തുക്കളോ അടങ്ങുന്ന സംസ്കൃത പുകയില

8.അണുവികിരണമുണ്ടാക്കുന്നതും ബന്ധപ്പെട്ടതുമായ മറ്റ് പ്രവൃത്തികൾ

9.ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ഭൂമി വാങ്ങുന്നത്

10.മുത്തുകൾ,പ്രഷ്യസ്-സെമി പ്രഷ്യസ് സ്റ്റോണുകൾ, പണിത്തരങ്ങളുള്ളവയും ഇല്ലാത്തവയും

11.ന്യൂക്ളിയാർ റിയാക്ടറുകൾ, അവയുടെ ഭാഗങ്ങൾ, ഇന്ധന ഘടകങ്ങൾ

12.പുകയില സംസ്കരിക്കുന്ന യന്ത്രങ്ങൾ

13.സ്വർണം, വെള്ളി, പ്ളാറ്റിനം വിഭാഗത്തിൽപ്പെട്ട ലോഹം എന്നിവയുപയോഗിച്ചുള്ള ആഭരണങ്ങൾ

14. പണേതരമായ സ്വർണം

15.ഇ എസ് എം എഫ് പ്രകാരം അനുവദനീയമല്ലാത്ത പ്രവൃത്തികൾ

***19. 2017-18 വാർഷിക പദ്ധതിയിൽ അയൽക്കൂട്ടങ്ങൾ, സ്റ്റേക്ക് ഹോൾഡർ മീറ്റിംഗ് എന്നിവ അനിവാര്യമാണോ ?***

ഇവ അനിവാര്യമല്ല. എന്നാൽ അഭികാമ്യമാണ്. ഉത്തരവുകളിൽ പ്രത്യേകിച്ച് ഒന്നും പറഞ്ഞിട്ടില്ലെങ്കിൽ പോലും പദ്ധതി രൂപീകരണം സുതാര്യമാക്കുന്നതിന് ഏതൊക്കെ നടപടികൾ സ്വീകരിക്കാൻ പറ്റുമോ അതൊക്കെ തദ്ദേശ സ്ഥാപനങ്ങൾക്ക് സ്വീകരിക്കാം. പ്രാദേശിക പദ്ധതിയെ ജനകീയമാക്കുന്നതിനുള്ള പ്രവൃത്തികൾ ഓരോ പ്രദേശത്തിന്റെയും സാദ്ധ്യതകൾക്കും ഭരണ സമിതിയുടെ പ്രതിബദ്ധതയ്ക്കും അനുസരിച്ച് എത്രയും വിപുലമായി നടത്താവുന്നതാണ്.

***20.ഉത്പാദന മേഖലയിൽ പൊതു വിഭാഗം വികസന ഫണ്ടിന്റെ 30 ശതമാനം ഉൾപ്പെടുത്തണമെന്നാണോ ഉത്തരവിൽ ? എസ്,സി,പി , റ്റി,എസ്,പി , ധനകാര്യ കമ്മിഷൻ വിഹിതം കൂട്ടിക്കിട്ടുന്ന തുകയുടെയാണോ 30 ശതമാനം എടുക്കേണ്ടത് ?***

അല്ല, 2017-18 ൽ മേഖലാ വിഭജനം താഴെ പറയുന്ന രീതിയിലാണ്.

(1) ഉത്പാദന മേഖലയിൽ ഗ്രാമപഞ്ചായത്തുകളും ബ്ളോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും **പൊതുവിഭാഗം വികസനഫണ്ടി**ന്റെ 30 ശതമാനമെങ്കിലും വകയിരുത്തണം.

(അതായത് പ്ളാൻ ഫണ്ട് ജനറലിന്റെ) .പട്ടികജാതി, പട്ടികവർഗ ഫണ്ടുൾപ്പെടെയുള്ളവയിൽ നിന്നും ഉത്പാദന മേഖലയിൽ പ്രോജക്ട് വച്ചാലും ആയതിന് വാലിഡേഷൻ ലഭിക്കുന്നതല്ല.

(2) അതുപോലെ ഗ്രാമപഞ്ചായത്തുകളും ബ്ളോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും **പൊതുവിഭാഗം വികസന ഫണ്ടിന്റെ** 10 ശതമാനമെങ്കിലും മാലിന്യ സംസ്കരണത്തിന് പ്രാധാന്യം കൊടുത്തു കൊണ്ട് ഹരിത കേരള മിഷൻ പ്രോജക്ടുകൾക്ക് വകയിരുത്തണം. നിലവിൽ ഉത്തരവിൽ മാലിന്യ സംസ്കരണത്തിന് പൊതുവിഭാഗം വികസനഫണ്ടിന്റെ 10 ശതമാനം കുറഞ്ഞത് വകയിരുത്തണമെന്നാണ് പറഞ്ഞിരിക്കുന്നതെങ്കിലും ഇതേ തുക ധനകാര്യ കമ്മിഷനിൽ നിന്നും വകയിരുത്തിയാലും സുലേഖയിൽ വാലിഡേഷൻ വ്യത്യാസം വരുന്നതാണ്)

(3) ഗ്രാമപഞ്ചായത്തുകൾ **പൊതു വിഭാഗം വികസന ഫണ്ടിന്റെ** 30 ശതമാനത്തിൽ അധികം പശ്ചാത്തല മേഖലയിൽ വകയിരുത്താൻ പാടില്ല.

(4) ബ്ളോക്ക് പഞ്ചായത്തുകൾ **പൊതു വിഭാഗം വികസന ഫണ്ടിന്റെ** 25 ശതമാനത്തിൽ അധികം പശ്ചാത്തല മേഖലയിൽ വകയിരുത്താൻ പാടില്ല.

(5) ജില്ലാ പഞ്ചായത്തുകൾ **പൊതു വിഭാഗം വികസന ഫണ്ടിന്റെ** 40 ശതമാനത്തിൽ അധികം പശ്ചാത്തല മേഖലയിൽ വകയിരുത്താൻ പാടില്ല.

(6) ഗ്രാമ,ബ്ളോക്ക്,ജില്ലാ പഞ്ചായത്തുകൾ **പട്ടികജാതി ഫണ്ടിന്റെ 30** ശതമാനത്തിൽ അധികം തുക പശ്ചാത്തലമേഖലക്ക് വകയിരുത്താൻ പാടില്ല.

(7) ഗ്രാമ,ബ്ളോക്ക്,ജില്ലാ പഞ്ചായത്തുകൾ **പട്ടികവർഗ ഫണ്ടിന്റെ 30** ശതമാനത്തിൽ അധികം തുക പശ്ചാത്തലമേഖലക്ക് വകയിരുത്താൻ പാടില്ല.

(8) വനിതാ ഘടക പദ്ധതിക്കായി ഗ്രാമ,ബ്ളോക്ക്,ജില്ലാ പഞ്ചായത്തുകൾ **പൊതുവിഭാഗം വികസന ഫണ്ട്, എസ്.സി,പി ഫണ്ട്, റ്റി.എസ്.പി ഫണ്ട്** എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 10 ശതമാനമെങ്കിലും വകയിരുത്തണം.

(9) കുട്ടികൾ, ഭിന്നശേഷിയുള്ളവർ,ഭിന്നലിംഗമുള്ളവർ എന്നിവരുടെ പദ്ധതികൾക്കായി ഗ്രാമ,ബ്ളോക്ക്,ജില്ലാ പഞ്ചായത്തുകൾ **<u>പൊതുവിഭാഗം വികസന ഫണ്ട്, എസ്.സി,പി ഫണ്ട്, റ്റി.എസ്.പി ഫണ്ട്</u>** എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 5 ശതമാനമെങ്കിലും വകയിരുത്തണം.

(10) വയോജന ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കുമായി ഗ്രാമ,ബ്ളോക്ക്,ജില്ലാ പഞ്ചായത്തുകൾ പൊതുവിഭാഗം വികസന ഫണ്ട്, എസ്.സി,പി ഫണ്ട്, റ്റി.എസ്.പി ഫണ്ട് എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 5 ശതമാനമെങ്കിലും വകയിരുത്തണം.

*21.വാർഷിക പദ്ധതി അംഗീകാരത്തിനായി ഡി പി സി യിൽ സമർപ്പിക്കേണ്ട രേഖകൾ എന്തെല്ലാം ?*

(1) സ്റ്റാറ്റസ് റിപ്പോർട്ട് 2 കോപ്പി (സോഫ്റ്റ് കോപ്പിയും നൽകണം)

(2) വികസന രേഖ 5 കോപ്പി

(3) അന്തിമ പദ്ധതി രേഖ 20 കോപ്പി

(4) തനത് ഫണ്ട് സ്റ്റേറ്റ് മെന്റ്

(5) ഭരണ സമിതി തീരുമാനം

(6) അനുബന്ധം 1 മുതൽ 11 വരെ (ഓൺലൈൻ)

*22. വാർഷിക പദ്ധതി രേഖയുടെ (അന്തിമ പദ്ധതി രേഖ) അധ്യായങ്ങൾ ഏതെല്ലാം ?*

വാർഷിക പദ്ധതി രേഖയ്ക്ക് (അന്തിമ പദ്ധതി രേഖ) താഴെ പറയുന്ന പ്രകാരം 10 അധ്യായങ്ങൾ ഉണ്ടായിരിക്കണം.

1. തദ്ദേശ സ്ഥാപനത്തിന്റെ വികസന സ്ഥിതി അവസ്ഥ.

2. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി വിലയിരുത്തൽ.

3. പ്രശ്ന വിശകലനവും പ്രശ്ന പരിഹാര സാധ്യതകളും.

4. വികസന കാഴ്ചപ്പാട്,ലക്ഷ്യങ്ങൾ, തന്ത്രം

5. വിഭവ സ്രോതസുകളും വകയിരുത്തലുകളും.

6. പ്രോജക്ടുകളും അവയുടെ വിശദാംശങ്ങളും.

7. പ്രത്യേക പദ്ധതികൾ/പരിപാടികൾ(പട്ടികജാതി ഉപപദ്ധതി,പട്ടിക വർഗ ഉപപദ്ധതി,വനിതാ ഘടക പദ്ധതി,സാമൂഹ്യ സുരക്ഷാ പദ്ധതി(കുട്ടികൾ,ഭിന്നശേഷിയുള്ളവർ,ഭിന്നലിംഗ വിഭാഗക്കാർ,വയോജന ക്ഷേമവും പാലിയേറ്റീവ് കെയറും), ആസ്തി സംരക്ഷണം,അടിസ്ഥാന സേവനങ്ങൾക്കുള്ള ഉപപദ്ധതി,സദ്ഭരണം എന്നിവയ്ക്കായി പ്രത്യേക പദ്ധതികൾ കാണിച്ചിരിക്കണം)

*23. വികസന രേഖയിലെ അധ്യായങ്ങൾ ഏതെല്ലാമാണ് ?*

വികസന രേഖയിൽ താഴെ പറയുന്ന നാല് അധ്യായങ്ങൾ ഉണ്ടായിരിക്കണം.

1.ആമുഖം (തദ്ദേശ സ്ഥാപനത്തിന്റെ പൊതു വിവരങ്ങൾ,ഭൂപ്രകൃതി,പരിസ്ഥിതി സവിശേഷതകൾ.തനത് വിഭവങ്ങൾ,പൊതു ആസ്തികൾ,ജനസംഖ്യ,സാമൂഹിക-സാംസ്കാരിക,സാമ്പത്തിക അവസ്ഥ,എന്നിവ വിവരിക്കണം)

2. വികസന തന്ത്രം (പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് തദ്ദേശ സ്ഥാപനം സ്വീകരിക്കുന്ന പൊതു വികസന സമീപനം ഇതിൽ വിവരിക്കണം.പൊതു വികസന കാഴ്ചപ്പാടും പൊതു ലക്ഷ്യങ്ങളും ഇതിൽ വിവരിക്കാവുന്നതാണ്)

3. വിഭവ സമാഹരണം (പദ്ധതിക്കാലത്ത് ലഭിക്കുന്ന എല്ലാ ഫണ്ടുകളും വിഭവ സ്രോതസായി കാണിക്കേണ്ടതാണ്.അവയുടെ വകയിരുത്തലുകൾ വ്യക്തമാക്കുന്നതോടൊപ്പം വികസന ഫണ്ടിന്റെ മേഖലാടിസ്ഥാനത്തിലുള്ള വകയിരുത്തലുകൾ, പ്രത്യേക വിഭാഗക്കാർക്കുള്ള വകയിരുത്തൽ, എന്നിവ ഇവിടെ വ്യക്തമാക്കണം.

4. വികസന മേഖലകൾ (വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കിയ അവസ്ഥാ രേഖകളുടെ ഒരേ രൂപത്തിൽ ചിട്ടപ്പെടുത്തിയ അവതരണങ്ങൾ ഇവിടെ നൽകണം. വികസന മേഖലയുടെ അവസ്ഥാ വിശകലനം, മുൻ വർഷത്തെ പ്രോജക്ടുകളുടെ വിലയിരുത്തൽ,ദീർഘകാല പരിപ്രേഷ്യം , പ്രോജക്ട് ആശയങ്ങൾ എന്നിവയൊക്കെ ഇവിടെ വ്യക്തമാക്കണം.ഓരോ വികസന മേഖലക്കും പ്രത്യേകം ഉപ അധ്യായങ്ങൾ വേണം. അതായത് വികസന മേഖലയുടെ ഇന്നത്തെ അവസ്ഥ,പ്രശ്നങ്ങൾ,രൂക്ഷത,കാരണങ്ങൾ,പ്രശ്ന പരിഹാര മാർഗങ്ങളും ജനങ്ങളുടെ ആവശ്യങ്ങളും ,പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ നടപ്പാക്കിയ പദ്ധതികൾ, അവയുടെ നേട്ടകോട്ടങ്ങൾ,പതിമൂന്നാം പദ്ധതിക്കാലത്ത് ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ,ഭൗതിക ലക്ഷ്യങ്ങൾ,2017-18 വാർഷിക പദ്ധതിയിലേക്കുള്ള പ്രോജക്ട് ആശയങ്ങൾ എന്നിവ ഈ അധ്യായത്തിൽ വരേണ്ടതാണ്.

*24.പട്ടികജാതി ഫണ്ട്, പട്ടികവർഗ ഫണ്ട് ഇവയുടെ 10 ശതമാനം യുവജനങ്ങൾക്കായി 2017-18 വാർഷിക പദ്ധതിയിൽ മാറ്റി വയ്ക്കേണ്ടതുണ്ടോ ?*

നിർബന്ധമില്ല. എന്നാൽ യുവജനങ്ങൾക്കായി പദ്ധതികൾ വയ്ക്കുന്നത് അഭികാമ്യമാണ്.

*25. പുതിയ ഉത്തരവ് പ്രകാരം 50,000 രൂപയിൽ കൂടുതലുള്ള എല്ലാ മരാമത്ത് പ്രവർത്തികളും ടെണ്ടർ ചെയ്യണമെന്ന് നിർബന്ധമുണ്ടോ ?*

ചുവടെ പ്രതിപാദിക്കുന്ന ഒഴികെയുള്ള എല്ലാ പ്രവൃത്തികളും ടെണ്ടർ ചെയ്യണം.

1. സർക്കാർ ഉത്തരവ് പ്രകാരം ഡെപോസിറ്റ് ആയി ചെയ്യാവുന്ന പ്രവൃത്തികൾ

2.ബിനാമി ഇടപാടില്ലാതെ സ്വന്തം നിലക്ക് പ്രവൃത്തി ഏറ്റെടുത്ത് നടത്താൻ വേണ്ട സാമ്പത്തിക- സാങ്കേതിക- സംഘടനാ ശേഷിയും സന്നദ്ധതയുമുള്ള അധ്യാപക രക്ഷാകർതൃ സമിതികൾ,അംഗൻവാടി വെൽഫയർ കമ്മിറ്റികൾ എന്നീ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രവൃത്തികൾ

3.നേരിട്ട് നിർവഹണം നടത്താൻ അനുവദനീയമായ തുക പരിധിയിലുള്ള പ്രോജക്ടുകൾ

4. 50,000 രൂപയിൽ താഴെയുള്ള നിർമാണ പ്രവൃത്തികൾ ഗുണഭോക്തൃ സമിതികൾ മുഖാന്തിരം ചെയ്യാവുന്നതാണ്.

*26. പട്ടികജാതി പെൺകുട്ടികളുടെ വിവാഹ ധനസഹായം വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തരുതെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. 2017-18 മുതൽ ബി പി എൽ ലിസ്റ്റിൽപ്പെട്ടവരോ അല്ലാത്തവരോ ആയ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനും 50,000 രൂപ അനുവദിക്കാം. ടി പദ്ധതിയെ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താമോ ?*

കഴിയില്ല. വിവാഹ ധനസഹായം നൽകുന്ന പദ്ധതികളൊന്നും തന്നെ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താൻ പാടില്ല. വനിതകളുടെ സാമൂഹ്യ സാമ്പത്തിക പദവി ഉയർത്തുന്നതിനു സഹായകരമായ പദ്ധതികളാണ് വനിതാ ഘടക പദ്ധതിയിലുൾപ്പെടുത്തേണ്ടതാണ്.

താഴെ പറയുന്നവ പദ്ധതികൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താം.

(1) കൈമാറിക്കിട്ടിയ സ്കൂളുകളിൽ പെൺകുട്ടികൾക്ക് മാത്രമായി 40 കുട്ടികൾക്ക് ഒന്ന് എന്ന രീതിയിൽ മൂത്രപ്പുരകൾ നിർമിക്കാവുന്നതാണ്.

(2) തദ്ദേശ സ്ഥാപന ഓഫീസിലും ആശുപത്രികളിലും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലും ബസ് സ്റ്റാൻഡുകളിലും മാർക്കറ്റുകളിലും സ്ത്രീകൾക്ക് മാത്രമായി മൂത്രപ്പുരകളും കക്കൂസുകളും.

(3) സ്ത്രീകൾക്ക് സ്വയം തൊഴിൽ സംരഭങ്ങൾ,ലേബർ ബാങ്ക്,വിപണന കേന്ദ്രങ്ങൾ

(4) കുടുംബശ്രീയുടെ സഹായത്തോടെ നൂതന പ്രോജക്ടുകൾ

(5) നിർഭയ പദ്ധതി പ്രകാരം തായ് ക്വാണ്ട, ജൂഡോ,കരാട്ടേ, യോഗ എന്നിവയിൽ ഹൈസ്കൂൾ/ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് പരിശീലനം (ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെ ടുക്കാവുന്നതാണ്)

(6) തായ് ക്വാണ്ട, ജൂഡോ,കരാട്ടേ, യോഗ എന്നിവയിൽ വനിതകൾക്ക് പരിശീലനം നൽകുന്ന പദ്ധതികൾ ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

(7) ലാബ് ടെക്നീഷ്യൻ കോഴ്സ് പാസായ വനിതകൾക്ക് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ലബോറ ട്ടറികൾ ആരംഭിക്കുന്നതിന് സഹായം.

(8) യു.പി/ഹയർസെക്കന്റി സ്കൂളുകളിൽ നാപ്കിൻ വെൻഡിംഗ് യൂണിറ്റുകൾ സ്ഥാപി ക്കൽ.

(9) ജാഗ്രതാ സമിതികൾ രൂപപ്പെടുത്തുന്നതിനും കൗൺസിലിംഗ് ഉൾപ്പെടെയുള്ള നടപടി കൾ നടത്തുന്നതിനും പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

*27. അങ്കണവാടി വർക്കർ, ഹെൽപ്പർ അധികവേതനത്തിന് ഗ്രാമപഞ്ചായത്തുകൾ പ്രോജക്ട് തയ്യാ റാക്കേണ്ടതുണ്ടോ ?*

വേണ്ട. നിലവിലെ ഉത്തരവ് പ്രകാരം 2017-18 ൽ അങ്കണവാടി വർക്കർ, ഹെൽപ്പർ അധിക വേതനത്തിന് ഗ്രാമപഞ്ചായത്തുകൾ പ്രോജക്ട് ഏറ്റെടുക്കേണ്ടതില്ല.

*28. ഹൈസ്കൂളിലെ കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകുന്ന പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തു കൾക്ക് ഏറ്റെടുക്കാമോ ?*

കഴിയില്ല. സർക്കാർ എൽ പി , യു പി സ്കൂളുകളിലെ കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകുന്ന പദ്ധതികൾ ഗ്രാമ-നഗര ഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്.

*29. ഊരുക്കൂട്ടങ്ങൾക്ക് വേണ്ടി പ്രത്യേക വികസന സെമിനാർ നടത്തേണ്ട ആവശ്യമുണ്ടോ ?*

ഊരുക്കൂട്ടങ്ങൾക്ക് വേണ്ടി പ്രത്യേക വികസന സെമിനാർ നടത്തേണ്ട ആവശ്യമില്ല. പദ്ധതി രൂപീകരണത്തിനായുള്ള എല്ലാ ഗ്രാമസഭകളും ഊരുക്കൂട്ടങ്ങളും കഴിഞ്ഞതിനു ശേഷം പഞ്ചായത്ത് തലത്തിൽ ഒരു വികസന സെമിനാർ നടത്തിയാൽ മതിയാകും. ഊരുക്കൂട്ടത്തിൽ നിന്ന് ഒരു പുരു ഷനെയും സ്ത്രീയെയും ഗ്രാമസഭകളിൽ നിന്ന് രണ്ട് സ്ത്രീകൾ, ഒരു പട്ടിക ജാതി അംഗം ഉൾപ്പെടെ അഞ്ച് പേരെയും വികസന സെമിനാർ പ്രതിനിധികളായി തെരഞ്ഞെടുക്കണം.

*30. തനത് ഫണ്ട് പ്രോജക്ടിൽ ഉൾപ്പെടുത്തുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമാണ് ?*

പദ്ധതിയിൽ ഉൾപ്പെടുത്താതെ തനത് ഫണ്ട് പ്രോജക്ടുകൾ ഏറ്റെടുക്കാൻ പാടില്ല. എന്നാൽ തനത് ഫണ്ടിൽ നിന്ന് പെറ്റി വർക്കുകൾ ഉൾപ്പെടെയുള്ള അനിവാര്യ ചെലവുകൾ കഴിച്ച് ബാക്കി യുള്ള തുകയുള്ള 15 ശതമാനം പദ്ധതിയിൽ ഉൾപ്പെടുത്താതെ , പൊതുമരാമത്ത് പ്രവൃത്തികളുടെ

നടത്തിപ്പ് ചട്ടങ്ങൾ പാലിച്ചുകൊണ്ട് അടിയന്തിര സ്വഭാവമുള്ള പ്രവൃത്തികൾക്ക് ഉപയോഗിക്കാവുന്നതാണ്.അനിവാര്യ ചെലവുകൾക്കും അനുവദനീയമായ മറ്റ് ചെലവുകൾക്കും ആവശ്യമായ തുക ബഡ്ജറ്റിൽ മാറ്റി വച്ച ശേഷം ബാക്കിയുള്ള തുകയാണ് തനത് ഫണ്ട് എന്ന സ്രോതസായി ഉൾപ്പെടുത്തേണ്ടത്.

2016-17 പദ്ധതിയിൽ വിനിയോഗിച്ച തനത് ഫണ്ട് തുകയുടെ 15 ശതമാനത്തിൽ അധികരിച്ച തുക 2017-18 വാർഷിക പദ്ധതിയിൽ വകയിരുത്തുന്നുവെങ്കിൽ അത്രയും തുക ലഭ്യമാക്കാൻ കഴിയും എന്നുള്ളതിന് ജില്ലാ/മേഖലാ/സംസ്ഥാന പെർഫോമൻസ് ഓഡിറ്റ് ഓഫീസറിൽ നിന്നുള്ള സാക്ഷ്യപത്രം മുൻകൂട്ടി വാങ്ങേണ്ടതാണ്.

*31. വികലാംഗർക്ക് മുച്ചക്ര വാഹനങ്ങൾ  കെൽട്രോണിൽ നിന്നും വാങ്ങാമോ ?*

വാങ്ങാൻ പാടില്ല. 14.01.2015 ലെ സംസ്ഥാന കോ ഓർഡിനേഷൻ സമിതിയുടെ 2.3 നമ്പർ തീരുമാനം , 02.12.2016 ലെ സ. ഉ(സാ.ധാ) നം. 3299/16/ തസ്വഭവ  എന്ന ഉത്തരവ്  എന്നിവ പ്രകാരം സ്വന്തമായി സാധനങ്ങൾ നിർമിക്കുന്നവരിൽ നിന്നും  മാത്രമേ നേരിട്ട് വാങ്ങാൻ പാടുള്ളൂ. അങ്ങനെയല്ലാത്തവ എല്ലാം പരസ്യ ടെണ്ടർ,ക്വട്ടേഷൻ നടപടികളിലൂടെ വാങ്ങണം. കമ്പ്യൂട്ടറുകൾ ഉൾപ്പെടെയുള്ളവയുടെ കാര്യത്തിലും ഇത് ബാധകമാണ്.

വികലാംഗർക്കുള്ള മുച്ചക്ര വാഹനമുൾപ്പെടെയുള്ള എല്ലാ ഉപകരണങ്ങളും വികലാംഗ കോർപറേഷൻ നിശ്ചയിക്കുന്ന നിരക്കിൽ അധികരിക്കാതെ ഗുണനിലവാരം ഉറപ്പാക്കി ടെണ്ടർ നടപടികളിലൂടെ വാങ്ങേണ്ടതാണ്.

*32.ലൈബ്രറി കൗൺസിൽ  അംഗീകാരമുള്ള  ലൈബ്രറികൾക്ക് പ്രൊജക്ടർ വാങ്ങി നൽകാമോ ?*

ലൈബ്രറികൾക്ക് പ്രൊജക്ടർ വാങ്ങി നൽകാൻ പാടില്ല.18.01.2017 ലെ സംസ്ഥാന കോ ഓർഡിനേഷൻ സമിതിയുടെ 3.5 നമ്പർ തീരുമാനവും മുൻ കോ ഓർഡിനേഷൻ സമിതി തീരുമാനങ്ങളും  പ്രകാരം ലൈബ്രറികൾക്ക് പ്രൊജക്ടർ വാങ്ങി നൽകാവുന്നതല്ല.കമ്പ്യൂട്ടർ, ടെലിവിഷൻ എന്നിവയും വാങ്ങി നൽകാൻ പാടില്ല.(14.11.2016 ലെ സംസ്ഥാന കോ ഓർഡിനേഷൻ സമിതിയുടെ 3.53 നമ്പർ തീരുമാനം). പുസ്തകങ്ങളും മറ്റും ആവശ്യമായ നടപടിക്രമങ്ങൾ പാലിച്ച് വാങ്ങാവുന്നതാണ്.

*33.സമ്പൂർണ വൈദ്യൂതീകരണ പ്രോജക്ട് എങ്ങിനെ നടപ്പാക്കാം ?*

സ.ഉ (എം.എസ്) നം. 80/2017/തസ്വഭവ തീയതി 03.04.2017 ഉത്തരവ് പ്രകാരം വീട് വയറിംഗിനായി പൊതു വിഭാഗത്തിനും പട്ടികജാതി വിഭാഗത്തിനും 5,000 രൂപയും ഊരുകളിൽ താമസിക്കുന്ന പട്ടികവർഗ വിഭാഗക്കാർക്ക് 9,000 രൂപ വരെയും പരമാവധി അനുവദിക്കാവുന്നതാണ്.

വരുമാന പരിധി 1,00,000 രൂപയ്ക്കു വിധേയമായി ബി പി എൽ ലിസ്റ്റിലുൾപ്പെട്ടവരോ അല്ലാത്തവരോ ആകണം. മെയിൻ സ്വിച്ച്, എർത്തിംഗ് എന്നിവയ്ക്കു പുറമേ കുറഞ്ഞത് 3 പോയിന്റ് വയറിംഗ് നടത്തണം. വി. ഇ.ഒ/ഓവർസീയർ സാക്ഷ്യപ്പെടുത്തണം.കെ.എസ്.ഇ ബി യിൽ സി.ഡി അടച്ച് രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കിയാൽ സബ്സിഡി തുക അനുവദിക്കാം. ലൈസൻസുള്ള ഇലക്ട്രിക്കൽ കോൺട്രാക്ടർമാരെ മാത്രമേ വയറിംഗ് ജോലികൾ ഏൽപ്പിക്കാൻ പാടുള്ളൂ.

*34.മാലിന്യം നിക്ഷേപിക്കുന്ന സ്ഥലങ്ങളിൽ സി സി ടി വി സ്ഥാപിക്കാൻ ഗ്രാമപഞ്ചായത്ത് ഉദ്ദേശിക്കുന്നു. അനുവദനീയമാണോ ?*

08.04.2015 ലെ സംസ്ഥാന കോ ഓർഡിനേഷൻ സമിതിയുടെ 3.20 നമ്പർ തീരുമാനപ്രകാരം സി സി ടി വി ക്യാമറകൾ സ്ഥാപിക്കുന്നത് ഗ്രാമപഞ്ചായത്തുകളുടെ ചുമതലയിൽ വരുന്ന വിഷയമല്ലെന്ന്  വ്യക്തമാക്കിയിട്ടുണ്ട്.

### *35.ധനകാര്യ കമ്മിഷൻ തുക ഉപയോഗിച്ച്  ബയോഗ്യാസ് പ്ളാന്റുകൾ, പൈപ്പ് കമ്പോസ്റ്റ് എന്നിവ സ്ഥാപിക്കാമോ ?*

ധനകാര്യ കമ്മിഷൻ തുക ഉപയോഗിച്ച്  ബയോഗ്യാസ് പ്ളാന്റുകൾ, പൈപ്പ് കമ്പോസ്റ്റ് എന്നിവ സ്ഥാപിക്കാവുന്നതാണ്. ഇവയുടെ സ്പെസിഫിക്കേഷൻ പ്രോജക്ടിലും ടെണ്ടറിലും വ്യക്തമാക്കിയിരിക്കണം. ശുചിത്വ മിഷന്റെ അംഗീകൃത സർവീസ് ധാതാക്കളിൽ നിന്നും ടെണ്ടർ ക്ഷണിക്കണം.

എന്നാൽ ശുചിത്വ മിഷന്റെ 29.11.2016 ലെ 3419/സി2/2015 തസ്വഭവ എന്ന സർക്കുലർ പ്രകാരം പൈപ്പ് കമ്പോസ്റ്റ്  വളരെ ശ്രദ്ധയോടു കൂടി  പരിപാലിച്ചെങ്കിൽ മാത്രമേ കാര്യക്ഷമമായി പ്രവർത്തിക്കുകയുള്ളുവെന്നും  പി വി സി നിർമിത പൈപ്പ് എലി തുരന്ന് നശിപ്പിക്കുന്നുവെന്നും പുഴു ശല്യം വ്യാപകമാണെന്നുമുള്ള പരാതികൾ ഉണ്ടെന്നും  അതിനാൽ ടി സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള പഠനവും  അവലോകനവും നടന്നു വരുന്നതിനാൽ ആയതിനു ശേഷം മാത്രമേ ടി സംവിധാനം പ്രോത്സാഹിപ്പിക്കണോ എന്ന കാര്യത്തിൽ തീരുമാനമാവൂ എന്നും അതു കൊണ്ട് ജൈവ മാലിന്യം സംസ്കരിക്കുന്നതിന് പൈപ്പ് കമ്പോസ്റ്റ് പ്രോത്സാഹിപ്പിക്കേണ്ടതില്ലെന്നും പകരം കിച്ചൻ ബിൻ, മൺകല കമ്പോസ്റ്റിംഗ്, റിംഗ് കമ്പോസ്റ്റിംഗ് , മോസ് പിറ്റ് എന്നിവ പ്രോത്സാഹിപ്പിക്കണമെന്നും വ്യക്തമാക്കുന്നു.

### *36.ടെക്നിക്കൽ അസിസ്റ്റന്റിന്റെ വേതനത്തിന് പ്ളാൻ ഫണ്ട് ഉപയോഗിക്കാമോ ?*

പാടില്ല.ടെക്നിക്കൽ അസിസ്റ്റന്റിന്റെ വേതനം എന്ന പദ്ധതി തനത് ഫണ്ട് ഉപയോഗിച്ച് തയ്യാറാക്കണം.  18.03.2016 സർക്കാർ ഉത്തരവ് നം (സാധാ) നം.756/2017/തസ്വഭവ തിരുവനന്തപുരം പ്രകാരം ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ കാലാവധി 31.03.2016 വരെ ദീർഘിപ്പിച്ചുള്ള ഉത്തരവിൽ ഓണറേറിയം തനത് ഫണ്ടിൽ  നിന്നും നൽകണമെന്ന് വ്യക്തമാക്കുന്നുണ്ട്.

### *37.വൃദ്ധർക്ക് ഊന്നുവടി നൽകുന്ന പദ്ധതി വൃദ്ധരുടെ വാലിഡേഷനിൽ വരുമോ ?*

വൃദ്ധർക്ക് ഊന്നുവടി  നൽകുന്ന പദ്ധതി ഏറ്റെടുക്കാവുന്നതല്ല. സ.ഉ (എം.എസ്) നം. 80/2017/തസ്വഭവ തീയതി 03.04.2017 ഉത്തരവ് പ്രകാരം വൃദ്ധർക്ക് മരുന്ന് കിറ്റ്, കമ്പിളി( ഇടുക്കി, വയനാട് ജില്ലകളിലെ ഉയർന്ന പ്രദേശങ്ങളിൽ ഒഴികെ)  ഊന്നുവടി , കസേര മുതലായവ  അനുവദനീയമല്ല. എന്നാൽ സമഗ്ര ആരോഗ്യ പരിപാടിയിൻ കീഴിൽ ആരോഗ്യ സ്ഥാപനങ്ങൾ വഴി രോഗപ്രതിരോധ മരുന്നുകൾ എല്ലാ വിഭാഗക്കാർക്കും ലഭ്യമാക്കാവുന്നതാണ്.

എന്നാൽ 28.12.2016 ലെ സംസ്ഥാന കോ ഓർഡിനേഷൻ സമിതിയുടെ 2.16 നമ്പർ തീരുമാന പ്രകാരവും 07.01.2017  ലെ സ.ഉ(സാ ധാ) നം 50/17/തസ്വഭവ എന്ന ഉത്തരവ് പ്രകാരവും 60 വയസിനു മേൽ പ്രായമുള്ള  പൊതു വിഭാഗം, പട്ടികജാതി, പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വൃദ്ധർക്കു കട്ടിൽ നൽകാവുന്നതാണ്.യൂണിറ്റ് കോസ്റ്റ് 3,500 രൂപയാണ്.

### *38.പട്ടിക ജാതി പട്ടിക വർഗ പ്രോജക്ടുകളുടെ നിർവഹണം  അസി. സെക്രട്ടറി തന്നെയാവണമെന്ന് നിർബന്ധമുണ്ടോ. അതു പോലെ ഒരു വർക്കിംഗ് ഗ്രൂപ്പിൽ നിന്നും ലഭിക്കുന്ന കരട് പ്രോജക്ട് നിർദ്ദേശങ്ങൾ  പ്രോജക്ടാവുമ്പോൾ അതാത് ഗ്രൂപ്പുകളുടെ കൺവീനർമാർ തന്നെ നിർവഹണ ഉദ്യോഗസ്ഥനാവണമെന്ന് നിർബന്ധമുണ്ടോ ?*

പട്ടികജാതി, പട്ടിക വർഗ പ്രോജക്ടുകളുടെ നിർവഹണം  അസി. സെക്രട്ടറി തന്നെയാവണമെന്ന് യാതൊരു  നിർബന്ധവുമില്ല.അതു പോലെ ഒരു ഒരു വർക്കിംഗ് ഗ്രൂപ്പിൽ നിന്നും ലഭിക്കുന്ന കരട് പ്രോജക്ട് നിർദ്ദേശങ്ങൾ  പ്രോജക്ടാവുമ്പോൾ അതാത് ഗ്രൂപ്പുകളുടെ കൺവീനർമാർ തന്നെ നിർവഹണ ഉദ്യോഗസ്ഥനാവണമെന്നും നിർബന്ധമില്ല.

അതായത് ഓരോ വിഷയമേഖലയുമായും ബന്ധപ്പെട്ട കരട് പ്രോജക്ട് നിർദ്ദേശങ്ങൾ അതാത് വർക്കിംഗ് ഗ്രൂപ്പുകളാണ് തയ്യാറാക്കേണ്ടത് എങ്കിലും പ്രോജക്ട് പ്രൊഫോർമയിൽ ആയത് തയ്യാറാക്കി നിർവഹണം നടത്തേണ്ടത് ആ വിഷയവുമായി ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥനാണ്.

ഉദാഹരണം പട്ടികജാതി മേഖലയിലെ കൃഷിയുമായി ബന്ധപ്പെട്ട പ്രോജക്ട് നിർദ്ദേശങ്ങൾ പട്ടികജാതി ഗ്രൂപ്പിൽ നിന്നുമാണ് വരുന്നതെങ്കിലും പദ്ധതി നിർവഹണം നടത്തേണ്ടത് കൃഷി ഓഫീസറാണ്.

*39.കാത്തിരിപ്പ് കേന്ദ്രങ്ങൾ പണിയുന്നതിന് നിലവിൽ പഞ്ചായത്തുകൾക്ക് അനുമതിയുണ്ടോ ?*

കാത്തിരിപ്പ് കേന്ദ്രങ്ങൾ ഗ്രാമപഞ്ചായത്തിന് പണിയാവുന്നതാണ്. നിലവിൽ പി ഡബ്ളിയു ഡി യിൽ നിന്നും അനുമതി വാങ്ങേണ്ടതില്ല. എന്നാൽ നിർമാണം സംബന്ധിച്ച അറിയിപ്പ് നേരത്തേ നൽകേണ്ടതാണ്.

03.07.2014 ലെ ജി.ഒ (ആർ. ടി) നം 932/2014 /പി ഡബ്ളിയു ഡി എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ പണിയുന്നതിന് Pratheeksha Bus Shelters Kerala Ltd (PBSKL) എന്ന സ്ഥാപനത്തിന് രൂപം കൊടുക്കുകയും ബസ് സ്റ്റോപ്പുകളിൽ കാത്തിരിപ്പ് കേന്ദ്രം പണിയുന്നതിനും അവ പരിപാലിക്കുന്നതിനും ഉള്ള അവകാശം പ്രസ്തുത ഏജൻസിക്കു മാത്രമായി ചുരുക്കുകയും തദ്ദേശ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവയെ പ്രസ്തുത നിർമാണ പ്രവർത്തനങ്ങളിൽ നിന്നും വിലക്കുകയും ചെയ്തിരുന്നു.

എന്നാൽ 29.11.2016 ലെ ജി.ഒ (ആർ.ടി) നം. 1626/2016/പി ഡബ്ളിയു ഡി എന്ന ഉത്തരവിൽ മേൽ പറഞ്ഞ ഉത്തരവ് റദ്ദാക്കിയിട്ടുണ്ട്.

*40.സോളാർ ലൈറ്റ് സിസ്റ്റം സ്ഥാപിക്കൽ എന്ന പദ്ധതിയുടെ തുക നൽകുന്നതിന് ബിൽ, എഗ്രിമെന്റ് ഇവ നോക്കിയാൽ പോരേ ?*

ടി പ്രവൃത്തി പൂർത്തീകരിച്ച് ബിൽ സമർപ്പിച്ചാൽ തുക നൽകുന്നതിനായി പ്രസ്തുത പ്രവർത്തി പൂർത്തീകരിച്ചതായുള്ള ഏജൻസിയുടെ/കരാറുകാരന്റെ സാക്ഷ്യപത്രം , പ്രവർത്തി പദ്ധതിയിൽ വിഭാവനം ചെയ്ത പോലെ പൂർത്തീകരിച്ചതായും ലൈറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്നുള്ള വാർഡുതല മോണിട്ടറിംഗ് സമിതി റിപ്പോർട്ട്, പോസ്റ്റ് നമ്പരുൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തിയ തെരുവ് വിളക്ക് രജിസ്റ്റർ എന്നിവയുടെ അടിസ്ഥാനത്തിൽ തുക അനുവദിക്കാവുന്നതാണ്.

*41. ഔഷധിയിൽ നിന്നും മരുന്ന് വാങ്ങുന്നതിന് കരാർ വയ്ക്കേണ്ടതുണ്ടോ ?*

സർക്കുലർ നം 5396/ഡി.പി-1/2006 / തസ്വഭവ തീയതി 27.02.2006, സർക്കുലർ നം 13160/ഡിഎ-1/2010/തസ്വഭവ തീയതി 28.11.2010 എന്നിവ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ഔഷധിയിൽ നിന്നും മരുന്ന് വാങ്ങുമ്പോൾ 60 ദിവസത്തിനുള്ളിൽ വിതരണം ചെയ്യണമെന്ന വ്യവസ്ഥയിൽ തുക മുൻകൂർ നൽകാവുന്നതാണ്. 60 ദിവസത്തിനുള്ളിൽ മരുന്ന് നൽകുന്നില്ലെങ്കിൽ ഔഷധി നഷ്ടപരിഹാരം നൽകണം.

*42.പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടിക ജാതി പട്ടിക വർഗ വിദ്യാർത്ഥികൾക്കു നൽകുന്ന ലാപ് ടോപ്പ് പാരലൽ കോളേജിൽ പഠിക്കുന്ന കുട്ടികൾക്കും പോളിടെക്നിക്കിനു പഠിക്കുന്ന വിദ്യാർത്ഥികൾക്കും ബിരുദ വിദ്യാർത്ഥികൾക്കും നൽകാമോ ?*

നൽകാം. 26.10.2010 ലെ സംസ്ഥാന കോ ഓർഡിനേഷൻ സമിതിയുടെ 3.50 നമ്പർ തീരുമാനം , സ.ഉ (എം.എസ്) നം. 80/2017/തസ്വഭവ തീയതി 03.04.2017 ഉത്തരവ് എന്നിവ പ്രകാരം പാര

ലൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും പോളിടെക്നിക്കിനു പഠിക്കുന്ന വിദ്യാർത്ഥി കൾക്കും ബിരുദ വിദ്യാർത്ഥികൾക്കും ലാപ്ടോപ്പ് നൽകാവുന്നതാണ്.

### *43.പട്ടിക ജാതി മെറിട്ടോറിയസ് സ്കോളർഷിപ്പ് പോളിടെക്നിക്കിനു പഠിക്കുന്ന വിദ്യാർത്ഥി കൾക്കു നൽകാമോ ?*

നൽകാം.24.06.2016 ലെ സംസ്ഥാന കോ ഓർഡിനേഷൻ സമിതിയുടെ 3.3 നമ്പർ തീരുമാന പ്രകാരം പട്ടികജാതി മെറിട്ടോറിയസ് സ്കോളർഷിപ്പ് പോളിടെക്നിക്കു പഠിക്കുന്ന വിദ്യാർത്ഥി കൾക്കും നൽകാവുന്നതാണ്.

### *44.അംഗീകൃത ക്ളബുകൾക്ക് സ്പോർട്സ് കിറ്റ് എന്ന പ്രോജക്ട് ഏറ്റെടുക്കാമോ ?*

ഏറ്റെടുക്കാവുന്നതാണ്. രജിസ്റ്റേഡ് യുവജന ക്ളബുകൾക്ക് 2,000 രൂപയിലധികരിക്കാത്ത തുകയ്ക്കുള്ള സ്പോർട്സ് ഉപകരണങ്ങൾ നൽകാവുന്നതാണ്.

### *45.സംയുക്തപ്രോജക്ടുകൾ എങ്ങനെ നടപ്പാക്കാം ?*

ഒന്നിലധികം തദ്ദേശ സ്ഥാപനങ്ങൾ തുക വകയിരുത്തി അതിൽ ഒരു തദ്ദേശ സ്ഥാപനം മുഖ്യ പങ്കാളിയായി നിർവഹണം നടത്തുന്ന പ്രോജക്ടാണ് സംയുക്ത പ്രോജക്ടാണ്.ഐ എ വൈ ഭവന പദ്ധതി (നിർബന്ധമായും സംയുക്ത പ്രോജക്ടായി നടപ്പാക്കണം), ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉപകരണങ്ങൾ വാങ്ങി **നൽകൽ**, പട്ടികജാതി-പട്ടിക വർഗക്കാർക്കായുള്ള വിദേശ തൊഴിൽ, ഉന്നത വിദ്യാഭ്യാസ ധനസഹായം നൽകൽ , തൊഴിൽ പരിശീലനം .നെൽകൃഷിക്കാർക്ക് നെല്ലിന് കൂലിച്ചെലവ് സബ്സിഡി,ക്ഷീരകർഷകർക്ക് പാലിനു സബ്സിഡി, എന്നിവ സംയുക്തമായി നടപ്പാക്കാവുന്നതാണ്.

- ❖ കൂടാതെ ഭവനരഹിതർക്ക് ഗ്രാമപഞ്ചായത്ത് നേരിട്ട് സ്ഥലം വാങ്ങൽ,അങ്കണവാടി കെട്ടിട നിർമാണത്തിന് ഗ്രാമപഞ്ചായത്ത് നേരിട്ട് സ്ഥലം വാങ്ങൽ,സ്കൂൾ ഭൗതിക സൗകര്യങ്ങൾ, ബഡ്സ് റീ ഹാബിലിറ്റേഷൻ സെന്റർ ഭൗതിക സൗകര്യങ്ങൾ (സ്ഥലം വാങ്ങൽ ഉൾപ്പെടെ), ഗ്രാമപഞ്ചായത്തുകൾ കളി സ്ഥലത്തിന് സ്ഥലം വാങ്ങൽ,ഗ്രാമപഞ്ചായത്തുകൾ ആരംഭിക്കുന്ന പൊതുശ്മശാനം, അറവ് ശാല,കുടിവെള്ള വിതരണം, വൈദ്യുതി ലൈൻ നീട്ടൽ,ആധുനിക രീതിയിലുള്ള മാലിന്യ സംസ്കരണ പ്ളാന്റുകൾ എന്നിവയ്ക്കൊക്കെ സംയുക്ത പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.
- ❖ ഐ എ വൈ ഭവന പദ്ധതിയിൽ ബ്ളോക്ക് പഞ്ചായത്തും മറ്റുള്ളവയിൽ ഗ്രാമപഞ്ചായത്തുമായിരിക്കും നിർവഹണം.
- ❖ സംയുക്ത പ്രോജക്ടിൽ ഏർപ്പെടുന്ന തദ്ദേശ സ്ഥാപനങ്ങൾ തമ്മിൽ ഒരു കരാർ ഉടമ്പടിയിലേർപ്പെടേണ്ടതാണ്.
- ❖ കുറഞ്ഞ വിഹിതം വകയിരുത്തിയിരിക്കുന്ന തദ്ദേശ സ്ഥാപനത്തിന്റെ തുക ചെലവഴിച്ചതിനു ശേഷം മാത്രമേ കൂടിയ വിഹിതം വകയിരുത്തിയ തദ്ദേശ സ്ഥാപനത്തിന്റെ വിഹിതം ചെലവഴിക്കാവൂ.തുല്യ വിഹിതം വകയിരുത്തുന്ന സംഗതിയിൽ മുഖ്യ പങ്കാളിയായ തദ്ദേശ സ്ഥാപനത്തിന്റെ വിഹിതം അവസാനമേ ചെലവഴിക്കാവൂ.
- ❖ പദ്ധതി രൂപീകരണ പ്രക്രിയ ആരംഭിക്കുമ്പോൾ തന്നെ സംയുക്ത പ്രോജക്ടിൽ പങ്കാളികളാവുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾ തമ്മിൽ വിഭവ സ്രോതസുകൾ സംബന്ധിച്ച് സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾക്കു നൽകേണ്ടതാണ്.

  (കൂടുതൽ വിവരങ്ങൾക്ക് 11/01/2016 ലെ സ.ഉ(എം.എസ്) നം.04/2016/തസ്വഭവ കാണുക)

***46.സംയുക്ത പ്രോജക്ടുകളുടെ വിഹിതം ഡി ഡി ആയി കൈപ്പറ്റാമോ ?***

സംയുക്ത പ്രോജക്ടുകളുടെ വിഹിതം ഡി ഡി ആയി കൈപ്പറ്റാൻ പാടില്ല.

23/01/2017 ലെ ജി.ഒ(പി) നം.07/2017/ഫിൻ എന്ന ഉത്തരവ് പ്രകാരം സംയുക്ത പ്രോജക്ടുകളുടെ വിഹിതം താഴെ പറയും പ്രകാരം ഉപയോഗിക്കണം.

- സംയുക്ത പ്രോജക്ടുകളുടെ നിർവഹണം നടത്തുന്ന തദ്ദേശ സ്ഥാപനം ഈ ആവശ്യത്തിനു മാത്രമായി ട്രഷറിയിൽ സ്പെഷ്യൽ റ്റിഎസ്ബി അക്കൗണ്ട് തുറക്കണം. സംയുക്ത പ്രോജക്ടുകളുടെ തുകയല്ലാതെ മറ്റൊരു തുകയും ഇതിൽ നിക്ഷേപിക്കരുത്.
- തുക നൽകുന്ന തദ്ദേശ സ്ഥാപനം ട്രാൻസ്ഫർ ക്രെഡിറ്റ് വഴി ഈ തുക അക്കൗണ്ടിലേക്കു നിക്ഷേപിക്കണം.
- ചെക്ക് ഉപയോഗിച്ച് ഇതിലെ ഇടപാടുകൾ നടത്താം.
- നിർവഹണം നടത്തുന്ന തദ്ദേശ സ്ഥാപനം ഫെബ്രുവരി 28 ന് മുമ്പ് ഈ തുക ചെലവഴിക്കാൻ ശ്രമിക്കേണ്ടതും ഫെബ്രുവരി 28 ന് മുമ്പ് ഈ തുക പൂർണമായോ ഭാഗികമായോ ചെലവഴിക്കാൻ കഴിയില്ല എന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിന് തിരികെ നൽകേണ്ടതുമാണ്.
- മാർച്ച് 31 ന് , നിർവഹണം നടത്തുന്ന തദ്ദേശ സ്ഥാപന സെക്രട്ടറി സ്പെഷ്യൽ റ്റിഎസ്ബി അക്കൗണ്ട് ട്രഷറി ഫിഗറുമായി റീക്കൺസൈൽ ചെയ്യേണ്ടതും ബാക്കി തുക ഗവൺമെന്റിലേക്ക് തിരിച്ചടക്കേണ്ടതുമാണ്

(കൂടുതൽ വായനക്ക് ദയവായി ഉത്തരവ് കാണുക)

***47.പഞ്ചായത്ത് പ്രദേശത്തെ തോട് പൂർണമായും മലിനമായിക്കിടക്കുന്നു. മൈനർ ഇറിഗേഷൻ അസി. എഞ്ചിനീയറെ നിർവഹണ ഉദ്യോഗസ്ഥനാക്കി തോട് പുനരുദ്ധാരണം സാധ്യമാവുമോ ?***

മൈനർ ഇറിഗേഷൻ അസി. എഞ്ചിനീയർ ഗ്രാമപഞ്ചായത്തിന്റെ നിർവഹണ ഉദ്യോഗസ്ഥനല്ല. ആയതിനാൽ അദ്ദേഹത്തെ നിർവഹണ ഉദ്യോഗസ്ഥനാക്കാൻ കഴിയില്ല. തോട് നവീകരണം ഉൾപ്പെടുള്ള പ്രവർത്തികൾ പ്രധാനമായും മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി ചെയ്യുന്നതിന് പ്രാധാന്യം നൽകേണ്ടതാണ്. ആദ്യ ആക്ഷൻ പ്ളാനിൽ ഉൾപ്പെട്ടിട്ടില്ലായെങ്കിൽ സപ്ളിമെന്ററി ആക്ഷൻ പ്ളാൻ ഇതിനായി തയ്യാറാക്കാവുന്നതാണ്.

***48..അടാട്ട് മോഡൽ തെരുവ് വിളക്ക് നവീകരണം ചുരുക്കത്തിൽ ഒന്ന് പറയാമോ ?***

ബഹു. പഞ്ചായത്ത് ഡയറക്ടറുടെ 17/08/2015 ലെ നം ജി2-44274/2015 എന്ന നടപടിക്രമങ്ങളുടെ ഭാഗമായാണ് തെരുവ് വിളക്ക് നവീകരണത്തിനായി ഏറ്റവും അനുയോജ്യമായ അടാട്ട് മോഡൽ നടപ്പാക്കുന്നത്.

താഴെ പറയും പ്രകാരം ഈ പദ്ധതി നടപ്പാക്കാം.

- നോഡൽ ഓഫീസറെയും നോഡൽ പോയിന്റുകളും നിശ്ചയിക്കണം.തെരുവ് വിളക്കുകൾ സംബന്ധിച്ച പരാതികൾ നോഡൽ ഓഫീസർ രജിസ്റ്ററിൽ രേഖപ്പെടുത്തണം.
- തദ്ദേശ സ്ഥാപനത്തിന് ഫണ്ട് ലഭ്യമാണെങ്കിൽ ഗോവണി ഘടിപ്പിച്ച രീതിയുള്ള വാഹനം വാങ്ങാം. അല്ലായെങ്കിൽ വാഹനം വാടകയ്ക്ക് എടുക്കാം.(ആവശ്യമായ ദിവസങ്ങൾ കരാറിൽ വ്യക്തമാക്കണം)
- യോഗ്യതയുള്ള ഇലക്ട്രീഷ്യനെ നിയമിക്കണം ദിവസവേതനത്തിനാണെങ്കിൽ ഒരു ദിവസത്തേക്ക് 700 രൂപ (പരമാവധി 2 പേർ) അല്ലായെങ്കിൽ പോൾ ഒന്നിന് 100 രൂപ

ക്രമത്തിൽ.( 28/12/2016 ലെ സംസ്ഥാന കോ ഓർഡിനേഷൻ സമിതിയുടെ 3.67 നമ്പർ തീരുമാനം ) നൽകാവുന്നതാണ്. (അപേക്ഷ ക്ഷണിച്ച് ഇന്റർവ്യൂ നടത്തി തെരഞ്ഞെടുക്കാം ) ദിവസവേതനാടിസ്ഥാനത്തിലാണെങ്കിൽ ദിവസം 15 നും 25 നും ഇടയ്ക്ക് തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യേണ്ടതാണ്. ഇലക്ട്രീഷ്യനെ ഇൻഷ്വർ ചെയ്യേണ്ടതാണ്. ഗോവണി, ഇലക്ട്രിക് കിറ്റ്(സുരക്ഷാ ഉപകരണങ്ങൾ ഉൾപ്പെടെ) പ്രോജക്ടിന്റെ ഭാഗമായി വാങ്ങി നൽകാവുന്നതാണ്.

- ❖ പോസ്റ്റ് നമ്പരുൾപ്പെടെ രേഖപ്പെടുത്തി തെരുവ് വിളക്ക് രജിസ്റ്റർ തയ്യാറാക്കണം. പഞ്ചായത്തു തലത്തിലെ മോണിട്ടറിംഗ് യോഗത്തിൽ കെ എസ് ഇ ബി ഉദ്യോഗസ്ഥരെ കൂടി പങ്കെടുപ്പിക്കാൻ ശ്രമിക്കണം.
- ❖ വാർഡു തലത്തിൽ വാർഡ് മെമ്പർ ചെയർമാനായ മോണിട്ടറിംഗ് സമിതിയാണ് അഭികാമ്യം.ഓരോ വാർഡുകളിലെയും മെയിന്റനൻസ് പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ , സെക്രട്ടറി, അസി.എഞ്ചിനീയർ കെ എസ് ഇ ബി,യൂസർ ഗ്രൂപ്പ് പ്രതിനിധികൾ, റെസിഡൻസ് അസോസിയേഷൻ പ്രസിഡന്റ്/സെക്രട്ടറി എന്നിവരടങ്ങുന്ന കമ്മിറ്റി പ്രതിമാസം വാർഡ് തലത്തിൽ പഞ്ചായത്ത് മെമ്പർമാരുടെ നേതൃത്വത്തിൽ രൂപീകൃതമായ മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ടുകൾ സമാഹരിച്ച് തെരഞ്ഞെടുത്ത വാർഡുകളിൽ പരിശോധന നടത്തിയും പ്രവർത്തന പുരോഗതി വിലയിരുത്താവുന്നതാണ്.
- ❖ വാങ്ങുന്ന പുതിയ ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കേണ്ടതും കേടായി തിരികെ കൊണ്ടു വരുന്ന സാധനങ്ങൾ രജിസ്റ്റർ ഓഫ് അൺ സർവീസബിൾ ഐറ്റംസ് എന്നതിൽ ചേർക്കേണ്ടതും ഈ രണ്ടു രജിസ്റ്ററും വർഷാവസാനം റീക്കൺസൈൽ ചെയ്യേണ്ടതുമാണ്.തെരുവ് വിളക്ക് വാങ്ങുന്നതു സംബന്ധിച്ച് 15/07/2015 ലെ സ.ഉ(സാ.ധാ) നം 2134/2015/തസ്വഭവ യിലെ കാര്യങ്ങളും പരിഗണിക്കേണ്ടതാണ്.

(കുറിപ്പ്- ഈ പദ്ധതിയിൽ വരാൻ പോകുന്ന ഒരു പ്രശ്നം വാഹനം വാടകയ്ക്ക് എടുക്കുന്നതാണ്. ഒരു ദിവസത്തേക്കു ഇത്ര രൂപ എന്ന നിരക്കിൽ ക്വട്ടേഷൻ ക്ഷണിക്കരുത്. പകരം നവീകരണം ഉള്ള ദിവസങ്ങളിൽ ഓടുന്നതിന് ആദ്യ 5 കിലോമീറ്ററിന് ഇത്ര രൂപ അതു കഴിഞ്ഞുള്ള ഒരോ കിലോമീറ്ററിനും ഇത്ര എന്ന രീതിയിൽ ക്വട്ടേഷൻ ക്ഷണിക്കുന്നതാകും നല്ലത്)

### *49.കമ്പ്യൂട്ടർ പ്രിന്റർ സ്കാനർ എന്നിവയുടെ പർച്ചേസിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം ?*

ടെണ്ടർ , ക്വട്ടേഷൻ നടപടികൾ സ്വീകരിച്ച് വാങ്ങാം. (18/03/2016 ലെ സ.ഉ. 1278/16 എന്ന ഉത്തരവ് പ്രകാരം തദ്ദേശ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർ ഇലക്ട്രോണിക് അധിഷ്ഠിത ഉപകരണങ്ങളുടെ പർച്ചേസ്,റിപ്പയറിംഗ്, ആന്വൽ മെയിന്റനൻസ് എന്നിവയ്ക്ക് ഐ കെ എം നെ ചുമതലപ്പെടുത്തി തീരുമാനിച്ചിരുന്നുവെങ്കിലും ഇതനുസരിച്ചുള്ള നടപടി ക്രമങ്ങൾ പൂർത്തിയാവാത്തതിനാൽ സർക്കാർ സ്പഷ്ടീകരണം ലഭിക്കും വരെ ടെണ്ടർ വിളിച്ച് കമ്പ്യൂട്ടറും അനുബന്ധ സാധനങ്ങളും വാങ്ങാവുന്നതാണെന്ന് 2.3 18/01/2017 ലെ സംസ്ഥാന കോ ഓർഡിനേഷൻ സമിതിയുടെ 2.3 തീരുമാനം ഉള്ളതാണ്). സ്പെസിഫിക്കേഷൻ വ്യക്തമായിരിക്കണം. സ്പെസിഫിക്കേഷൻ ലഭിക്കുന്നതിന് ഐ കെ എം - മായി ബന്ധപ്പെടാവുന്നതാണ്. പ്രൊക്വയർമെന്റ് കമ്മിറ്റി ഈ വാങ്ങലും സ്പെസിഫിക്കേഷനും അംഗീകരിച്ചിരിക്കണം. കമ്പ്യൂട്ടറുകൾക്ക് 5 വർഷത്തെ വാറണ്ടിയും മറ്റുള്ളവയ്ക്ക് കുറഞ്ഞത് 1 വർഷത്തെ വാറണ്ടിയും ഉറപ്പാക്കണം. ആയത് സംബന്ധിച്ച് കരാറിലേർപ്പെടണം. 2/12/2016 ലെ സ.ഉ(സാ.ധാ) നം 3299/16/തസ്വഭവ എന്ന ഉത്തരവ് പ്രകാരം സ്വന്തമായി സാധനങ്ങൾ

നിർമിക്കുന്നവരിൽ നിന്നു മാത്രമേ നേരിട്ട് വാങ്ങാൻ പാടുള്ളൂ(അതായത് കെൽട്രോൺ പോലുള്ള സ്ഥാപനങ്ങളിൽ നിന്നും നേരിട്ട് വാങ്ങരുത്)

***50.എം.ജി.എൻ.ആർ ഇ.ജി.എസ് പ്രവർത്തികളുമായി ബന്ധപ്പെട്ട വാങ്ങലുകൾക്ക് ഇ എം ഡി, സെക്യൂരിറ്റി ഇവ നിർബന്ധമാണോ ?***

അതെ, എല്ലാ വാങ്ങലുകൾക്കും അതാത് സമയത്തെ പ്രൊക്വയർമെന്റ് മാന്വലുകൾ ബാധകമാണ്.

***51. ഒരു പ്രോജക്ടിൽ തടി കസേരകളും ഫൈബർ കസേരകളും വാങ്ങാൻ ഉദ്ദേശിക്കുന്നു. തടി കസേരകൾ കാഡ്കോയിൽ നിന്ന് നേരിട്ടും ഫൈബർ ചെയർ ടെണ്ടർ പ്രകാരവും വാങ്ങാൻ കഴിയുമോ ?***

വാങ്ങാവുന്നതാണ്. ഫോറം നമ്പർ 2 ൽ പ്രോജക്ട് തയ്യാറാക്കണം. കോളം 13 ൽ ഏതെങ്കിലും ഒരു രീതി മാത്രമേ സെലക്ട് ചെയ്യാൻ കഴിയുകയുള്ളൂ. നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്ന 22 -ാമത്തെ കോളത്തിൽ ആവശ്യമായ വിവരങ്ങൾ നൽകുക.തുടർന്ന് കോളം 33 ൽ വാങ്ങലുകളെ സംബന്ധിച്ച വിശദവിവരം നൽകുക. ഓരോ സാധനങ്ങളും ഏതു രീതിയിൽ വാങ്ങുന്നു എന്നും മറ്റും ഇവിടെ വിശദമാക്കാൻ കഴിയും. തുടർന്ന് 42 -ാമത്തെ കോളത്തിൽ പ്രോജക്ടുകളെ സംബന്ധിച്ച് വ്യക്തമായ ചിത്രം നൽകുക.

**( 42 -ാമത്തെ കോളത്തിൽ പ്രോജക്ടുകളെ സംബന്ധിച്ച് വിശദവിവരം നൽകുന്നത് ഒരു ശീലമാക്കുക.)**

***52.എൽ.ഇ.ഡി സോളാർ ലൈറ്റുകളുടെ ഒരു സ്പെസിഫിക്കേഷൻ മോഡൽ നൽകാമോ ?***

എൽ ഇ ഡി സോളാർ ലൈറ്റുകളുടെ ലഭ്യമായ ഒരു സ്പെസിഫിക്കേഷൻ മോഡൽ താഴെ നൽകുന്നു. തദ്ദേശ സ്ഥാപനത്തിന്റെ ആവശ്യമനുസരിച്ച് തെരഞ്ഞെടുക്കാവുന്നതാണ്.

| Sl No | Item Description | warranty | Approximate Rate(with Tax) |
|---|---|---|---|
| 1 | 14W SOLAR STREETLIGHT SYSTEM(COMPLETE SOLAR STREETLIGHT SYSTEM CONSISTING OF 14W LED LUMINARY, 4 M POLE WITH BATTERY BOX, 12V,40AH TUBULAR BATTERY, 50W SPV AND NECESSARY | 15MONTHS | 26,288.00 |
| 2 | 18W SOLAR STREET LIGHTING SYSTEM (LED)(LSS) WITH 18W LED / EXIDE TUBULAR BATTERY 120AH, 150WP SPV WITH 5M POLE. | 15MONTHS | 29,542.00 |
| 3 | 24W SOLAR STREET LIGHTING SYSTEM (LED)(LSS) WITH 24W LED / EXIDE TUBULAR BATTERY 100AH, 125WP SPV WITH 5M POLE. | 15MONTHS | 35,457.00 |
| 4 | 30W SOLAR STREETLIGHT SYSTEM(COMPLETE SOLAR STREETLIGHT SYSTEM CONSISTING OF 24 LED 30W LED LUMINARY, 4 M POLE WITH BATTERY BOX,12V,60 AH TUBULAR BATTERY, 100W SPV AND NECESSARY CABLES | 15MONTHS | 40,280.00 |
| 5 | 36W SOLAR STREET LIGHTING SYSTEM (LED)(LSS) WITH 36W LED / EXIDE TUBULAR BATTERY 75AH, 100WP SPV WITH 6M POLE. | 15MONTHS | 44,732.00 |
| 6 | 45W SOLAR STREETLIGHT SYSTEM(COMPLETE SOLAR STREETLIGHT SYSTEM CONSISTING OF 36 LED 45W LED LUMINARY, WITH BATTERY BOX,12V,100 AH TUBULAR BATTERY, | 15MONTHS | 47,700.00 |

| | | | |
|---|---|---|---|
| | 150W SPV AND NECESSARY CABLES | | |

### *53.സാധാരണ സെറ്റ് എൽ.ഇ.ഡി ലൈറ്റുകളുടെ സ്പെസിഫിക്കേഷൻ എങ്ങനെയാണ് ?*

എൽ ഇ ഡി 25 വാട്ട്, വിത്ത് ആൾ അസസറീസ്,3 വർഷം ഗ്യാരന്റി, ഓട്ടോ മാറ്റിക് ഓൺ ഓഫ് (ഓപ്ഷണൽ)

### *54.വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്തിന് വസ്തു വാങ്ങുന്നതിനുള്ള നടപടികൾ എന്തെല്ലാം ?*

രണ്ടു രീതിയിൽ തദ്ദേശ സ്ഥാപനത്തിന്റെ ആവശ്യത്തിനായി ഭൂമി വാങ്ങാവുന്നതാണ്.

1. ഉഭയ സമ്മത പ്രകാരം- നിർണയിക്കപ്പെട്ട ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി. പൊന്നും വിലയ്ക്ക് വാങ്ങാൻ ഭൂമി വിലയ്ക്കെടുക്കൽ ആക്ടിലെ വ്യവസ്ഥകൾ പാലിക്കണം.കെട്ടിടവില ക്ഷമതയുള്ള എഞ്ചിനീയർ നിശ്ചയിക്കണം. ഉഭയ സമ്മത പ്രകാരം ഏറ്റെടുക്കുമ്പോൾ 18 വർഷത്തെ കുടിക്കട സർട്ടിഫിക്കറ്റ് വേണം. ഭൂമിയുടെ രേഖകൾ ഗവ.പ്ളീഡർ പരിശോധിക്കണം.കളക്ടർ/തഹസിൽദാർ നിശ്ചയിക്കുന്ന വിലയിൽ കൂടരുത്. ഭൂമി വിലക്കു വാങ്ങുമ്പോൾ പൊന്നും വിലക്കെടുക്കുകയോ അല്ലെങ്കിൽ കളക്ടർ നിർദ്ദേശിക്കുന്ന വിലയുടെ അടിസ്ഥാനത്തിൽ നേരിട്ടോ വാങ്ങാവുന്നതാണ്.

2. ഭൂമി വിലക്കെടുക്കൽ ആക്ട് പ്രകാരമുള്ള വാങ്ങൽ (അക്വിസിഷൻ) (തത്സമയം പ്രാബല്യത്തിലുള്ള ഭൂമി വിലക്കു വാങ്ങൽ ആക്ടിലെ വ്യവസ്ഥകളും ചട്ടങ്ങളും പാലിച്ചു കൊണ്ട് വാങ്ങാവുന്നതാണ്. 2005 ലെ വസ്തു ആർജിക്കലും കൈയൊഴിയലും ചട്ടങ്ങൾ കാണുക)

വൻ പ്രചാരണം നൽകി ഭൂമി നൽകാൻ തയ്യാറുള്ളവരിൽ നിന്നും അപേക്ഷ വാങ്ങണം. അനുയോജ്യത ഉറപ്പു വരുത്തണം. (പൊതു ആവശ്യങ്ങൾക്കു ഡി.ഡി.പി/ എ.ഡി.സി/ ജില്ലാ കളക്ടറുടെ അനുയോജ്യതാ സാക്ഷ്യ പത്രം, വിദ്യാഭ്യാസ ആവശ്യത്തിന് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ സാക്ഷ്യപത്രം, ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട ആവശ്യത്തിന് ജില്ലാ മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം എന്നിവ വേണം). ജില്ലാ കളക്ടർ വില നിശ്ചയിക്കണം. കളക്ടർ നിശ്ചയിച്ച വില പാർട്ടി ആവശ്യപ്പെട്ട വിലയെക്കാൾ കുറവായതു മൂലം ഭൂവുടമ നൽകാത്ത സാഹചര്യത്തിൽ 30 ശതമാനം വരെ സെലേഷ്യം അനുവദിക്കാം. ഇതിന് പഞ്ചായത്തിന്റെ ഏകകണ്ഠമായ തീരുമാനം വേണം.

**(ജി. ഒ(പി) നം 18/98/തഭവ തീയതി 12/02/1998**

ഒരു കോടി രൂപ വരെ ഭൂമി വാങ്ങുന്നതിന് ഉപയോഗിക്കാവുന്നതാണ്.

**ജി.ഒ(എം .എസ്) 280/2007/തസ്വഭവ തീയതി 21/12/2007**

### *55.ഭൂമി വാങ്ങൽ (ജനറൽ) പദ്ധതിക്ക് മുദ്രപത്ര വിലയും രജിസ്ട്രേഷൻ ഫീസും ഒഴിവാക്കിയിട്ടുണ്ടോ ?*

ജി.ഒ(പി) നം.11/80/റ്റി.ഡി തീയതി 20/01/1989, ജി ഒ (പി) നം 108/00/റ്റി.ഡി തീയതി തിരുവനന്തപുരം 4/ജൂലൈ/2000 എന്നീ ഉത്തരവുകൾ പ്രകാരം എസ്.സി, എസ്.റ്റി ഗുണഭോക്താക്കളെ മുദ്രപത്ര വിലയിൽ നിന്നും രജിസ്ട്രേഷൻ ഫീസിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ ജനറൽ വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് ഇവ ഒഴിവാക്കിയിട്ടില്ല.

(എന്നാൽ ഇ എം എസ് ഭവന പദ്ധതി സമയത്ത് എല്ലാ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കും രജിസ്ട്രേഷൻ ഫീസും സ്റ്റാമ്പ് ഡ്യൂട്ടിയും ഒഴിവാക്കിയിരുന്നു. ജി.ഒ(പി) നം.129/2009/റ്റി.ഡി തീയതി 16/07/2009)

***56.കൺവീനർ വർക്കുകൾക്ക് ഐ.റ്റി. പിടിക്കേണ്ടതുണ്ടോ ?***

വികേന്ദ്രീകൃത ആസൂത്രണ പദ്ധതി പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന പ്രവൃത്തികളെ ആദായനികുതി ഒടുക്കുന്നതിൽ നിന്നും 23/02/2004 ലെ ഗവൺമെന്റ് ഓഫ് ഇൻഡ്യ ഡെപ്യൂട്ടി സെക്രട്ടറി(ബഡ്ജറ്റ്) യുടെ കത്ത് നമ്പർ 275/2003 ഐ.ടി.ബി പ്രകാരം കേന്ദ്ര ഗവൺമെന്റ് ഒഴിവാക്കിയിട്ടുണ്ട്. വികേന്ദ്രീകൃത ആസൂത്രണ പദ്ധതികളുടെ ഗുണഭോക്തൃ മെമ്പർമാർ ആദായനികുതി നിയമത്തിന്റെ പരിധിയിൽ വരാത്തവരാണ് എന്നതിനു പുറമേ ലാഭേച്ഛ കൂടാതെ ഗുണഭോക്താക്കളുടെ പ്രതിനിധി എന്ന നിലയ്ക്ക് സമൂഹത്തിന് വേണ്ടി പ്രവൃത്തി നടപ്പാക്കുന്നവർ കൂടിയാണ്. കൂടാതെ സമിതി കൺവീനർമാരെ പാൻ കാർഡ് വ്യവസ്ഥയിൽ നിന്നും ഒഴിവാക്കി.

***57.ബയോഗ്യാസ് പ്ളാന്റ് പോലുള്ള പദ്ധതികൾക്ക് ശുചിത്വ മിഷൻ വിഹിതം ലഭിച്ചില്ലായെങ്കിൽ ടി വിഹിതം കൂടി പഞ്ചായത്തിന് വകയിരുത്താമോ ?***

വകയിരുത്താവുന്നതാണ്. ശുചിത്വ മിഷനിൽ നിന്ന് സാങ്കേതിക അനുമതി ഉൾപ്പെടെയുള്ളവ നേടിയിരിക്കണം. അംഗീകൃത ഏജൻസികളെക്കൊണ്ട് നേരിട്ടോ ശുചിത്വ മിഷന്റെ അംഗീകൃത പ്രൊവൈഡർമാരിൽ നിന്നും ടെണ്ടർ ക്ഷണിച്ചോ പദ്ധതി നടപ്പാക്കാവുന്നതാണ്.

***58.ഒരു പട്ടികജാതി കോളനിയിലെ ലൈൻ എക്സ്റ്റൻഷൻ പ്രോജക്ടിലേക്ക് എസ്.സി.പി വിഹിതം തികയുന്നില്ല. കുറവുള്ള തുക ജനറൽ ഫണ്ടിൽ നിന്നും ഉൾപ്പെടുത്താമോ ?***

ഉൾപ്പെടുത്താവുന്നതാണ്. എസ്.സി.പി, റ്റി.എസ്.പി പദ്ധതികളിൽ മറ്റു ഫണ്ടുകൾ ആവശ്യാനുസരണം കൂട്ടിച്ചേർക്കാവുന്നതാണ്. എന്നാൽ തിരിച്ച് അനുവദനീയമല്ല. അതായത് ജനറൽ പ്രോജക്ടുകളിൽ ജനറൽ ഫണ്ടിന്റെ കുറവ് നികത്താൻ എസ്.സി.പി ഫണ്ടോ, റ്റി.എസ്.പി ഫണ്ടോ ഉപയോഗിക്കാൻ പാടില്ല.

***59.ബാലസഭാ പ്രവർത്തനങ്ങൾ കുട്ടികളുടെ വാലിഡേഷനിൽ ഉൾപ്പെടുത്താമോ. ആയത് സംബന്ധിച്ച വിശദ വിവരങ്ങൾ എന്താണ് ?***

ബാലസഭാ പ്രവർത്തനങ്ങൾ കുട്ടികളുടെ വാലിഡേഷനിൽ ഉൾപ്പെടുത്താവുന്നതാണ്. കുട്ടികളുടെ അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിനായി കുടുംബശ്രീ വഴിയാണ് ബാലസഭ രൂപീകരിച്ചിരിക്കുന്നത്. **സ.ഉ സാ.ധാ.(നം)1363/2015 /തസ്വഭവ തീയതി 06/05/2015**. ബാലസഭാ പ്രവർത്തനങ്ങൾക്ക് പരമാവധി 35,000 രൂപ വകയിരുത്താവുന്നതാണ്.

***60.നിർവഹണ ഉദ്യോഗസ്ഥനായ മെഡിക്കലോഫീസർക്ക് ലാപ്ടോപ്പ് വാങ്ങി നൽകാൻ കഴിയുമോ ?***

ഇല്ല.എന്നാൽ ഓഫീസ് ആവശ്യങ്ങൾക്കായി ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ വാങ്ങി നൽകാം.

എന്നാൽ 17/04/2013 ലെ 1025/13/എൽ എസ് ജി ഡി എന്ന ഉത്തരവ് പ്രകാരം നിർവഹണ ഉദ്യോഗസ്ഥനായ അസി. എഞ്ചിനീയർക്കു ലാപ് ടോപ്പ് വാങ്ങി നൽകാം.

കൂടാതെ 05/04/2013 ലെ സ.ഉ(സാ ധാ) നം 915/2013/തസ്വഭവ എന്ന ഉത്തരവിൻ പ്രകാരം തനത് ഫണ്ടോ ജനറൽ പർപസ് ഫണ്ടോ ഉപയോഗിച്ച് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും ലാപ്ടോപ്പ് വാങ്ങാവുന്നതാണ്.

### *61.മരാമത്ത് പ്രവൃത്തികളിൽ 5 ലക്ഷം രൂപ മുതലുള്ള എല്ലാ വർക്കുകളും ഇ - ടെണ്ടർ ആക്കിയിട്ടുണ്ടല്ലോ. ഉത്തരവ് ഏതാണ് ?*

ബഹു.ഹൈക്കോടതിയുടെ 15444,15636,18954,20172, 22070/15 എന്നീ റിട്ടു പെറ്റീഷനുകളിലെ 05-10-2015 വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 17/11/2015 ലെ സ.ഉ(പി) നം 524/15/ധന എന്ന ഉത്തരവിൻ പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ സർക്കാർ വകുപ്പുകളും നടപ്പാക്കുന്ന 5 ലക്ഷം രൂപ മുതലുള്ള എല്ലാ മരാമത്ത് വർക്കുകളും നിർബന്ധമായും ഈ ടെണ്ടർ വഴി തന്നെ നടത്തണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

### *62.മരാമത്ത് പ്രവൃത്തികൾക്ക് ബിറ്റുമിൻ സെക്രട്ടറിമാർ വാങ്ങി നൽകണമെന്ന കോ ഓർഡിനേഷൻ കമ്മിറ്റി തീരുമാനം എങ്ങിനെ നടപ്പാക്കാം?*

01/02/2017 ലെ സംസ്ഥാന തല കോ ഓർഡിനേഷൻ സമിതിയുടെ 2.16 നമ്പർ തീരുമാനപ്രകാരമാണ് നിർമാണ പ്രവർത്തനത്തിന് ആവശ്യമായ ബിറ്റുമിൻ തദ്ദേശ സ്ഥാപനം ആവശ്യപ്പെടുന്ന കോൺട്രാക്ടർക്കു വാങ്ങി നൽകണമെന്നും അതിനായി ആവശ്യാനുസരം എസ്റ്റിമേറ്റിൽ പറയും പ്രകാരം ബിറ്റുമിൻ വാങ്ങി സൂക്ഷിക്കേണ്ടത് തദ്ദേശ സ്ഥാപനത്തിന്റെ ചുമതലയാണെന്നും പറയുന്നത്.

തദ്ദേശ സ്ഥാപനം മുഖേന ടാർ വാങ്ങി നൽകണമെന്ന ഉത്തരവുകൾ മുമ്പ് ഉണ്ടായിരുന്നവയാണ്. അവ നമുക്ക് പരിചയപ്പെടാം.

താഴെ പറയുന്ന ഉത്തരവുകൾ പ്രകാരമാണ് തദ്ദേശ സ്ഥാപനങ്ങൾ ടാർ വാങ്ങേണ്ടത്.

1.സ.ഉ(എം എസ്) നമ്പർ 289/2007/തസ്വഭവ തീയതി 22.12.2007

2.സ.ഉ(എം എസ്) നമ്പർ 275/2008/തസ്വഭവ തീയതി 13.10.2008

3.സ.ഉ(എം എസ്) നമ്പർ 328/2008/തസ്വഭവ തീയതി 11.12.2008

4.സ.ഉ(എം എസ്) നമ്പർ 111/2009/തസ്വഭവ തീയതി 18.06.2009

5.സ.ഉ(എം എസ്) നമ്പർ 32/2010/തസ്വഭവ തീയതി 22.02.2010

6.സ.ഉ(എം എസ്) നമ്പർ 1320/2010/തസ്വഭവ തീയതി 16.04.2010

7.സ.ഉ(എം എസ്) നമ്പർ 115/2011/തസ്വഭവ തീയതി 12.01.2011

7.സ.ഉ(എം എസ്) നമ്പർ 391/12/തസ്വഭവ തീയതി 07.02.2012

ഈ ഉത്തരവുകൾ പ്രകാരം എപ്രകാരം ടാർ വാങ്ങി നൽകാം എന്ന് നമുക്ക് പരിശോധിക്കാം.

1. പത്ത് ടണ്ണിൽ കുറവ് ടാർ ആവശ്യമുള്ള റോഡ് പ്രവൃത്തികൾക്കു മാത്രമേ ടാർ വാങ്ങി നൽകാൻ പാടുള്ളൂ.
2. തദ്ദേശ സ്ഥാപനം ടാർ വാങ്ങി നൽകുമെങ്കിൽ അക്കാര്യം ടെണ്ടർ പരസ്യത്തിൽ വ്യക്തമാക്കുകയും കരാറിൽ വ്യവസ്ഥ ചെയ്യുകയും വേണം. അപ്രകാരമല്ലാതെയുള്ള പ്രവൃത്തികൾക്ക് ടാർ വാങ്ങി നൽകാൻ പാടില്ല.
3. പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നോ ചെറുകിട വ്യവസായ വികസന കോർപറേഷനിൽ (സിഡ്കോ) നിന്നോ ആയിരിക്കണം ടാർ വാങ്ങി നൽകേണ്ടത്.

4. പൊതുമേഖലാ എണ്ണക്കമ്പനികളിൽ നിന്നുമാണ് ടാർ വാങ്ങി നൽകുന്നതെങ്കിൽ കൊച്ചി, മംഗലാപുരം എന്നിവിടങ്ങളിൽ ഏറ്റവും അടുത്ത് സ്ഥിതി ചെയ്യുന്ന എണ്ണക്കമ്പനികളിൽ നിന്നുമായിരിക്കണം ടാർ വാങ്ങേണ്ടത്.

സിഡ്കോയിൽ നിന്നും ടാർ വാങ്ങി നൽകുന്ന അവസരത്തിൽ സ.ഉ(എം എസ്) നമ്പർ 1320/2010/തസ്വഭവ തീയതി 16.04.2010 എന്ന ഉത്തരവിലെ നിബന്ധനകൾ പാലിക്കണം.

അതായത് (1) പൊതുമേഖലാ എണ്ണക്കമ്പനികൾ നൽകുന്ന അതേ വിലയിൽ സിഡ്കോ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ടാർ വിതരണം ചെയ്യേണ്ടതാണ്.

(2)എണ്ണക്കമ്പനികളിൽ നിന്നും ടാർ വാങ്ങുമ്പോൾ നൽകേണ്ടി വരുന്ന കയറ്റുകൂലി സിഡ്കോ നൽകേണ്ടതാണ്.

(3)ഇറക്കുമതി ചെയ്യുന്ന ടാറിന് മെട്രിക് ടണ്ണിന് 350 രൂപ മുതൽ 400 രൂപ വരെ സിഡ്കോ ഡിസ്കൗണ്ട് അനുവദിക്കേണ്ടതാണ്.

(4)ടെണ്ടർ മുഖേന നിശ്ചയിക്കുന്ന ട്രാൻസ്പോർട്ടേഷൻ കരാറുകാരന്റെ സേവനം തദ്ദേശ സ്ഥാപനങ്ങൾക്ക് സിഡ്കോ ലഭ്യമാക്കേണ്ടതാണ്.

(5)ടാർ വാങ്ങുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സിഡ്കോ നൽകുന്ന ബില്ലിൽ എണ്ണക്കമ്പനി സിഡ്കോയ്ക്ക് നൽകിയ ബില്ലിന്റെ റഫറൻസ് കൂടി കാണിക്കേണ്ടതാണ്.

(6)സിഡ്കോ നൽകുന്ന ബില്ല് പ്രോജക്ട് രേഖകളോടൊപ്പം സൂക്ഷിക്കേണ്ടതാണ്.

5. ഓരോ പ്രവൃത്തിക്കും വാങ്ങി നൽകുന്ന ടാറിന്റെ അളവിനെ സംബന്ധിച്ച വിവരങ്ങൾ ആ പ്രവൃത്തി നടക്കുന്ന പ്രദേശത്ത് തദ്ദേശ സ്ഥാപനം വ്യാപകമായി പരസ്യം ചെയ്യണം.

പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഷെഡ്യൂൾ നിരക്ക് പ്രകാരമുള്ള വില മാത്രമേ റിക്കവറി നടത്താൻ പാടുള്ളൂ.ടാർ വാങ്ങുന്നതിന് നൽകേണ്ടി വരുന്ന അധിക തുകയും കടത്തു കൂലിയും പ്രോജക്ടിൽ പ്രത്യേകം വകയിരുത്തണം. അധിത തുക കണ്ടെത്തുന്നതിന് സ.ഉ(എം എസ്) നമ്പർ 328/2008/തസ്വഭവ തീയതി 11.12.2008 എന്ന ഉത്തരവിൽ പറഞ്ഞിരിക്കുന്ന മാർഗ നിർദ്ദേശങ്ങൾ പാലിച്ച് പദ്ധതി ഭേദഗതി ചെയ്യാവുന്നതാണ്.

6. പത്ത് ടണ്ണിൽ കുറവ് ടാർ ആവശ്യമുള്ള ഒരു റോഡ് പ്രവൃത്തിക്ക് കരാറുകാരൻ/അക്രഡിറ്റഡ് ഏജൻസി/ ഗുണഭോക്തൃ സമിതി ടാർ നേരിട്ട് വാങ്ങി ഉപയോഗിക്കുകയാണെങ്കിൽ ടെണ്ടർ പരസ്യത്തിൽ ഇക്കാര്യം വ്യക്തമാക്കുകയും കരാറിൽ വ്യവസ്ഥപ്പെടുത്തുകയും ചെയ്തിട്ടുണ്ടെങ്കിൽ മാത്രം നിബന്ധനകൾക്ക് വിധേയമായി ഒറിജിനൽ ബിൽ പ്രകാരമുള്ള തുക അനുവദിക്കാവുന്നതാണ്. അത്തരം സന്ദർഭങ്ങളിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള ടാർ ലഭ്യമായിട്ടുണ്ടെന്നും അത് പൂർണമായും പ്രവൃത്തിക്ക് ഉപയോഗിച്ചിട്ടുണ്ടെന്നുമുള്ള എഞ്ചിനീയറുടെ സാക്ഷ്യപത്രം നിർബന്ധമാണ്. അതു പോലെ ഒറിജിനൽ ബിൽ പ്രോജക്ട് രേഖയോടൊപ്പം നിർബന്ധമായും സൂക്ഷിക്കുകയും വേണം.

7. ടെണ്ടർ ചെയ്ത പ്രവൃത്തികൾക്ക് പുറമേ അക്രെഡിറ്റഡ് ഏജൻസികൾ, ഗുണഭോക്തൃ സമിതികൾ എന്നിവ മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾക്കും ഇത് ബാധകമായിരിക്കുന്നതാണ്.
8. ഷെഡ്യൂൾ നിരക്കുകൾ പരിഷ്കരിച്ചാലും ഭാവിയിൽ മറിച്ചൊരു ഉത്തരവ് ഉണ്ടാകുന്നതു വരെ ഇവയ്ക്ക് പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

***63. വ്യക്തിഗത ആനുകൂല്യങ്ങൾക്ക് പരമാവധി കുടുംബ വാർഷിക സബ്സിഡി പരിധിയുണ്ടോ?***

ഉണ്ട്. വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള പരമാവധി കുടുംബ വാർഷിക സബ്സിഡി പരിധി പൊതുവിഭാഗത്തിന് 30,000 രൂപയും പട്ടികജാതി വിഭാഗത്തിന് 50,000 രൂപയും ആയിരിക്കും. പട്ടിക വർഗ വിഭാഗത്തിന് പരിധിയില്ല.എന്നാൽ ഭവന നിർമാണത്തിനും പട്ടികജാതി/പട്ടിക വർഗ വിഭാഗ വിദ്യാർത്ഥികൾക്കും , വിദേശത്തു പോകുന്ന പട്ടിക ജാതി/പട്ടിക വർഗ യുവജനങ്ങൾക്കും നൽകുന്ന ധനസഹായവും ഭവന നിർമാണവും സംരഭകത്വ റിവോൾവിംഗ് ഫണ്ടും ഇതിൽ ഉൾപ്പെടില്ല.

***64.തദ്ദേശ സ്ഥാപനങ്ങൾക്ക് സബ്സിഡി നൽകുന്നതിൽ നിയന്ത്രണമുള്ള പദ്ധതികളേവ?***

വ്യക്തികൾക്കും കുടുംബങ്ങൾക്കും ഗ്രൂപ്പുകൾക്കും ചുവടെ വിവരിക്കുന്ന ഇനങ്ങൾക്ക് സബ്സിഡി നൽകാൻ പാടില്ല.

1.പ്രഷർകുക്കർ

2.പാചകപാത്രങ്ങൾ/സംഭരണ പാത്രങ്ങൾ

3. ഫർണീച്ചർ,(എസ്.സി, എസ്.ററി വിദ്യാർത്ഥികൾക്കും പരമ്പരാഗത മത്സ്യ തൊഴിലാളികളുടെ വിദ്യാർത്ഥികൾക്കും വൃദ്ധർക്കും കട്ടിലും ഒഴികെ)

4.ടെലിവിഷൻ,റേഡിയോ,മൈക്ക് സെറ്റ്(സ്വയം തൊഴിൽ സംരഭത്തിൽ ഒഴികെ), വിളക്ക്, റാന്തൽ ( വൈദ്യുതി എത്താത്ത പ്രദേശങ്ങളിൽ എസ്.സി/എസ്.റ്റി വിഭാഗത്തിലെ വീടുകൾക്ക് സൗരറാന്തൽ നൽകാവുന്നതാണ്)

5.ബാഗ്,ചെരുപ്പ്,ഷൂസ്,കുട,നോട്ട്ബുക്ക്, മുതലായവ (പട്ടികവർഗ വിദ്യാർത്ഥികൾക്ക് ഒഴികെ)

6.വസ്ത്രങ്ങൾ,യൂണിഫോമുകൾ,പുസ്തകങ്ങൾ(പട്ടികജാതി,പട്ടികവർഗ വിദ്യാർത്ഥികൾക്കുള്ള സ്കൂൾ യൂണിഫോം, സ്പോർട്സ് ജെഴ്സി ഒഴികെ)

7.പണമായി നൽകുന്ന സഹായം,പരസ്യം,പെൻഷൻ,സംഭാവന

8.ചികിത്സ,വിവാഹം,മരണാനന്തര ചടങ്ങുകൾ,കുട്ടികളുടെ ജനനം,എന്നിവയക്ക് ധനസഹായം (പ്രത്യേകം അനുവദിക്കപ്പെട്ടിട്ടില്ലെങ്കിൽ)

9.തയ്യൽമെഷീൻ

10.കോടാലി,പിക്കാസ്,മൺകോരി,മൺവെട്ടി,കത്തി എന്നിവയും മറ്റു പൂന്തോട്ട നിർമാണ ഉപകരണങ്ങളും

11.കൃഷി ഭൂമി

12.പലിശ സബ്സിഡി(പ്രത്യേകമായി നിർദ്ദേശിച്ചിട്ടുള്ളത് ഒഴികെ)

13.എൽപിജി കണക്ഷൻ

*65.വെറ്ററിനറി പോളീക്ളിനിക്കുകളിൽ സൗകര്യമേർപ്പെടുത്താനുള്ള പദ്ധതികൾ ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാൻ കഴിയുമോ?*

ഇല്ല, വെറ്ററിനറി പോളീക്ളിനിക്കുകൾ ബ്ളോക്ക് പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ളതിനാൽ ടി സ്ഥാപനങ്ങൾക്ക് സൗകര്യമേർപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ബ്ളോക്ക് പഞ്ചായത്തുകൾ മാത്രമേ ഏറ്റെടുക്കാവൂ.

*66.ബാലവാടി കം ഫീഡിംഗ് സെന്റർ പോലുള്ള സ്ഥാപനങ്ങളിലെ കുട്ടികൾക്ക് ഭക്ഷണം, യൂണിഫോം എന്നിവ തദ്ദേശ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാമോ?*

പട്ടികജാതി, പട്ടികവർഗ വകുപ്പുകളിൽ നിന്നും കൈമാറിയിട്ടുള്ള ബാലവാടി കം ഫീഡിംഗ് സെന്റർ,സീസൺ ഡേകെയർ സെന്റർ,നഴ്സറി സ്കൂളുകൾ മുതലായവയിലെ കുട്ടികൾക്ക് പഠനോപകരണങ്ങൾ,ഭക്ഷണം,യൂണിഫോം എന്നിവ അതാത് വകുപ്പുകളിലെ നിബന്ധനകൾക്ക് വിധേയമായി നൽകാവുന്നതാണ്.

*67.യുവജന ക്ളബുകൾക്ക് സ്പോർട്സ് കിറ്റ് നൽകാമോ?*

പ്രത്യേകമായി കോച്ചിംഗ് ക്യാംപ് സംഘടിപ്പിക്കുന്ന യൂത്ത് ക്ളബുകൾ ഒഴികെയുള്ള രജിസ്റ്റേഡ് യുവജന ക്ളബുകൾക്ക് 2,000 രൂപയിലധികരിക്കാത്ത തുകയ്ക്കുള്ള ഉപകരണങ്ങൾ നൽകാം.എല്ലാ ക്ളബുകളിൽ നിന്നും അപേക്ഷ ക്ഷണിക്കേണ്ടതും കിറ്റിലുൾപ്പെടുത്തേണ്ട ഇനങ്ങൾ സംബന്ധിച്ച് യുവജനക്ളബുകളുടെ ഏകോപനസമിതിയുമായി ആലോചിക്കുകയും വേണം.. ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റുകളും കോർപറേഷനുകളും മാത്രം ഈ പ്രോജക്ട് ഏറ്റെടുത്താൽ മതിയാകും.

*68.തദ്ദേശ സ്ഥാപനത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾ (കറന്റ് ചാർജ്, വാട്ടർ ചാർജ് മുതലായവ) എങ്ങിനെ നൽകാം ?*

സാധാരണ രീതിയിൽ കൈമാറിക്കിട്ടിയ സ്ഥാപനമേധാവികൾ കണ്ടിജന്റ് ചെലവുകൾ നടത്തി ബില്ലുകൾ ഹാജരാക്കുന്ന മുറയ്ക്ക് തുക മാറി നൽകുന്ന രീതിയായിരുന്നു. എന്നാൽ പുതിയ ഉത്തരവ് പ്രകാരം സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ തന്നെ കൈമാറിക്കിട്ടിയ സ്ഥാപനമേധാവികൾ ഒരു വർഷത്തേക്കുള്ള കണ്ടിജൻസി ചെലവുകൾ (കറന്റ് ചാർജ്,വാട്ടർ ചാർജ്, വാടക,കൺസ്യൂമബിൾസ്,സ്റ്റേഷനറി,പോസ്റ്റേജ്,ടെലഫോൺ, ഇന്റർനെറ്റ് ചാർജ് ) തുടങ്ങിയ ഓഫീസ് ചെലവുകളുടെ ആവശ്യകതാ പട്ടിക തയ്യാറാക്കി തദ്ദേശ ഭരണ സ്ഥാപന മേധാവിക്ക് നൽകേണ്ടതും തദ്ദേശ സ്ഥാപന മേധാവി ഒരു ഉത്തരവിലൂടെ എല്ലാ വിട്ടുകിട്ടിയ സ്ഥാപന മേധാവികൾക്കും തുക അനുവദിക്കണം. അനുവദിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം സ്ഥാപനമേധാവികൾ നൽകേണ്ടതും ചെലവുകൾ സംബന്ധിച്ച വൗച്ചറുകൾ തുക കൈപ്പറ്റുന്ന സ്ഥാപനമേധാവികൾ ആഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

*69.പ്രവൃത്തികളുടെ സർവീസ് ചാർജ് നൽകാൻ പ്രത്യേക പ്രോജക്ട് തയ്യാറാക്കേണ്ടതുണ്ടോ ?*

തദ്ദേശ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പ്രവർത്തികൾക്ക് സർവീസ് ചാർജ് നൽകേണ്ടതുണ്ടെങ്കിൽ പ്രോജക്ടിന്റെ ഭാഗമായി തുക വകയിരുത്താവുന്നതാണ്.

*70.വിവിധ പരിശീലന പരിപാടികൾക്ക് പ്രോജക്ട് വേണമെന്ന് വർക്കിംഗ് ഗ്രൂപ്പുകളിൽ നിന്നും ഗ്രാമസഭകളിൽ നിന്നും നിർദ്ദേശം വന്നിട്ടുണ്ട്,. ഈ പ്രോജക്ടുകൾ ഏറ്റെടുക്കാമോ?*

സ്വയം തൊഴിൽ സംരഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി പ്രത്യേകം പറഞ്ഞിട്ടുള്ള നിബന്ധനകൾ പാലിച്ച് ഗ്രാമ-ബ്ളോക്ക്-ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ഏറ്റെടുക്കാവുന്നതാണ്. പരിശീലനാർത്ഥികൾക്ക് സ്റ്റൈഫന്റ് അനുവദനീയമല്ല.

പരിശീലന പരിപാടികൾ ഒരു ലക്ഷം/രണ്ടുലക്ഷം വരുമാന പരിധിക്കു വിധേയമായി .യഥാക്രമം പൊതുവിഭാഗം,പട്ടികജാതി,പട്ടികവർഗം, ദാരിദ്ര്യ രേഖക്കു താഴെയുള്ളവർക്കും മാത്രമായി പരമിതപ്പെടുത്തേണ്ടതാണ്. വികസന പ്രോജക്ടിന്റെ ഭാഗമായി പരിശീലനം ആകാം. പരിശീലനത്തിന് മാത്രമായി പ്രോജക്ട് പാടില്ല.

പരിശീലന പരിപാടികളിൽ 10 ശതമാനം തുക പരിശീലനാർത്ഥികളുടെ വിഹിതം ആയിരിക്കേണ്ടതാണ്. കമ്പ്യൂട്ടർ പരിശീലന പരിപാടികൾ ഏറ്റെടുക്കാൻ പാടില്ല.

*71.പുതിയ തെരുവു വിളക്കുകൾ വാങ്ങുമ്പോൾ എൽ ഇ ഡി ലാമ്പുകൾ തന്നെ വാങ്ങണമെന്ന് നിർബന്ധമുണ്ടോ ?*

ഇല്ല, എന്നാൽ മറ്റ് ലാമ്പുകളെ അപേക്ഷിച്ച് ആയുസ് കൂടിയതും പരിസ്ഥിതിക്ക് ഹാനികരമല്ലാത്തതുമായതിനാൽ എൽ ഇ ഡി ലാമ്പുകൾക്ക് മുൻഗണന നൽകണം. എന്നാൽ സോഡിയെ വേപ്പർ ലാമ്പുകൾ , ഹൈവോൾട്ട് ഇൻകാൻഡിസന്റ് ലാമ്പുകൾ എന്നിവ സ്ഥാപിക്കുന്നതിനോ മാറ്റി സ്ഥാപിക്കുന്നതിനോ ഉള്ള പ്രോജക്ടുകൾ ഏറ്റെടുക്കാൻ പാടില്ല. എന്നാൽ നിലവിൽ സ്ഥാപിച്ചിരിക്കുന്നവയ്ക്ക് അറ്റകുറ്റപണി ആവശ്യമെങ്കിൽ തനത് ഫണ്ട് ഉപയോഗിക്കണം.

*72.ക്യാമ്പുകൾ, മേളകൾ എന്നിവയ്ക്കു പ്രോജക്ട് അനുവദനീയമാണോ ?*

വിദൂര പ്രദേശങ്ങളിലെ പട്ടികവർഗ സങ്കേതങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ , ക്യാൻസർ, കിഡ്നി രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള ആരോഗ്യ ക്യാമ്പുകൾ എന്നിവയ്ക്കും അവയവദാനം സംബന്ധിച്ച ബോധവത്കരണ പ്രവർത്തനങ്ങൾക്കും പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്.

എന്നാൽ ഉത്പാദനപരമല്ലാത്ത പരിപാടികളായ ബോധവത്കരണ ക്യാമ്പയിനുകൾ,ക്യാമ്പുകൾ, മേളകൾ , ഉത്സവങ്ങൾ, സെമിനാറുകൾ, ഉല്ലാസ പഠന യാത്രകൾ, സമ്മേളനങ്ങൾ, ആദരിക്കൽ തുടങ്ങിയവ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കാവുന്നതല്ല.

*73. റിവോൾവിംഗ് ഫണ്ട് നൽകുന്നതിന് പ്രോജക്ട് അനുവദനീയമാണോ?*

കുടുംബശ്രീ സംവിധാനത്തിലെ അയൽക്കൂട്ടങ്ങൾ, ഏരിയാ ഡെവലപ്മെന്റ് സൊസൈറ്റികൾ, കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റികൾ എന്നിവയ്ക്ക് മാത്രം വ്യക്തമായ വായ്പ അധിഷ്ഠിതമായ ഒരു തൊഴിൽ സംരംഭ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭാ സ്ഥാപനങ്ങൾക്കും റിവോൾവിംഗ് ഫണ്ട് നൽകാവുന്നതാണ്.മറ്റ് സ്വയം സഹായ ഗ്രൂപ്പുകൾക്ക് പ്രവർത്തന മൂലധനം, വായ്പ, റിവോൾവിംഗ് ഫണ്ട് മുതലായവ നൽകാവുന്നതല്ല. റിവോൾവിംഗ് ഫണ്ട് തവണകളായി തിരിച്ചടക്കേണ്ടതാണ്. റിവോൾവിംഗ് ഫണ്ട് ഗുണഭോക്താവിനുള്ള ധനസഹായമല്ല, താത്കാലികമായ പലിശരഹിത പ്രോത്സാഹനം മാത്രമാണ്.

*74.വൃദ്ധർക്ക് മരുന്ന് കിറ്റ്, കമ്പിളി മുതലായവ നൽകുന്ന പ്രോജക്ടുകൾ ഏറ്റെടുക്കാമോ?*

ഇടുക്കി, വയനാട് എന്നീ ജില്ലകളിലെ ഉയർന്ന പ്രദേശങ്ങളിലൊഴികെ മറ്റൊരു സ്ഥലത്തും വൃദ്ധർക്ക് മരുന്ന് കിറ്റ്, കമ്പിളി, ഊന്നുവടി, കസേര മുതലായ അനുവദനീയമല്ല. എന്നാൽ വൃദ്ധർക്ക് കട്ടിൽ അനുവദനീയമാണ് (എല്ലാ വിഭാഗത്തിലും)

*75.എ.ബി.സി പ്രോഗ്രാമിനുള്ള പദ്ധതിയിൽ എപ്രകാരം തുക ചെലവഴിക്കാം?*

എ.ബി.സി പ്രോഗ്രാം രണ്ട് രീതിയിൽ നടപ്പാക്കാം.

1.സന്നദ്ധസംഘടനകളുടെ പങ്കാളിത്തത്തോടു കൂടിയുള്ള പദ്ധതി നിർവഹണം

ഒരു നായയെ വന്ധ്യംകരിക്കുന്നതിന് സന്നദ്ധസംഘടനക്ക് നൽകാവുന്ന പരമാവധി തുക 1,900/- രൂപയാണ്.

2.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് പദ്ധതി നടപ്പാക്കുമ്പോൾ

- കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന വെറ്റിനറി സർജനുള്ള മാസവേതനം - 39,500 രൂപ
- കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന മൃഗപരിപാലകർക്കുള്ള മാസവേതനം (നായ പിടുത്തം, പരിപാലനം മുതലായവ) - 20,000 രൂപ
- ഓപ്പറേഷൻ തീയേറ്ററിലെ സഹായി - 25,000 രൂപ
- ശുചീകരണ പ്രവൃത്തികൾ ചെയ്യുന്നതിന് - പരമാവധി 6,000 രൂപ
- ശസ്ത്രക്രിയക്ക് ആവശ്യമായ മരുന്ന് ,മറ്റ് സാധനങ്ങൾ (നായ ഒന്നിന്) 600 രൂപ
- നായ്ക്കളുടെ തീറ്റ , ട്രാൻസ്പോർട്ടേഷൻ ചാർജ് മുതലായ (നായ ഒന്നിന്) 200 രൂപ

***76.2017-18 ൽ വയോജനങ്ങൾക്ക് കട്ടിൽ എന്ന പദ്ധതി ഉൾപ്പെടുത്താമോ ? ആയതിനെക്കുറിച്ച് സബ്സിഡി മാർഗരേഖയിൽ പ്രത്യേകിച്ച് ഒന്നും പറയുന്നില്ലല്ലോ?***

2017-18 ൽ വയോജനങ്ങൾക്ക് കട്ടിൽ എന്ന പദ്ധതി ഉൾപ്പെടുത്താവുന്നതാണ്.സബ്സിഡി മാർരേഖ (സ.ഉ (എം എസ്) നമ്പർ 80/17/തസ്വഭവ തീയതി 03-04-2017) പേജ് നം 57 ഖണ്ഡിക 12.1.7 കാണുക. പൊതു വിഭാഗം ബി പി എൽ വിഭാഗത്തിൽപ്പെട്ടവർക്കും പട്ടികജാതി പട്ടിക വർഗ വിഭാഗത്തിൽപ്പെട്ട 60 വയസ് കഴിഞ്ഞ വൃദ്ധർക്കും കട്ടിൽ വാങ്ങി നൽകുന്നതിന് നഗര സഭകൾക്കും ഗ്രാമപഞ്ചായത്തുകൾക്കും ജനറൽ/എസ്.സി.പി/റ്റി.എസ്.പി ഫണ്ടുപയോഗിക്കാവുന്നതാണെന്ന് ഇതിൽ വ്യക്തമാക്കിയിട്ടുണ്ട്.

യൂണിറ്റ് കോസ്റ്റ് 3,500 /- രൂപയായിരിക്കും.

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 28/12/2016 ലെ 2.16 നമ്പർ തീരുമാനം, 01/02/2017 ലെ 2.13 എന്നീ തീരുമാനങ്ങളും 07/01/2017 ലെ സ.ഉ(സാ.ധാ) നം 50/17/തസ്വഭവ എന്ന ഉത്തരവും കാണുക.

***77.എസ്.എസ് .എ വിഹിതം പദ്ധതിക്ക് ധനകാര്യ കമ്മിഷൻ തുക വകയിരുത്താമോ ?***

പറ്റില്ല. അടിസ്ഥാന സേവന ഉപപദ്ധതിക്കായാണ് ധനകാര്യ കമ്മിഷൻ വിഹിതം ഉപയോഗിക്കേണ്ടത്. ആയത് പ്രകാരം ധനകാര്യ കമ്മിഷൻ തുക താഴെ പറയുന്നവയ്ക്കായി മാത്രമേ വകയിരുത്താൻ കഴിയുകയുള്ളൂ.

1.ശുചിത്വം, കക്കൂസ് മാലിന്യ പരിപാലനം

2.മലിനജല നിർഗമനം,ഖരമാലിന്യ പരിപാലനം.

3.ശ്മശാനങ്ങൾ സ്ഥാപിക്കൽ

4.കുടിവെള്ള വിതരണം

5.നടപ്പാതകളുടെ നിർമാണം, തെരുവ് വിളക്കുകൾ സ്ഥാപിക്കൽ

6.ഗ്രാമപഞ്ചായത്തിന്റെയും ഘടക സ്ഥാപനങ്ങളുടെയും കെട്ടിടങ്ങൾ ഒഴികെയുള്ള സാമൂഹിക ആസ്തികളുടെ പരിപാലനം, സംരക്ഷണം

7.റോഡ് സംരക്ഷണം, പരിപാലനം

(പദ്ധതി ആസൂത്രണ മാർഗരേഖ (ജി.ഒ(എം എസ്) നം 72/2017/തസ്വഭവ തീയതി 29/03/2017) പേജ് നം 72 കാണുക).

*78.മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ഉപയോഗിച്ചു പുതിയ അംഗൻവാടി കെട്ടിട നിർമാണം സാധിക്കുമോ?*

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 07/09/2016 ലെ തീരുമാനം നമ്പർ 3 പ്രകാരം അംഗൻവാടി കെട്ടിടം നിർമിക്കുന്നതിന് മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ഉപയോഗിക്കാവുന്നതാണ്.

(ആയത് ഉത്തരവായില്ലായെങ്കിലും വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 28/12/2016 ലെ 2.21 തീരുമാനപ്രകാരം പ്രത്യേക സർക്കാർ ഉത്തരവുകളോ സർക്കുലറുകളോ ആവശ്യമില്ലാത്ത കേസുകളിൽ കോ-ഓർഡിനേഷൻ സമിതിയുടെ നേതൃത്വത്തിൽ തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്)

*79.പട്ടികജാതി എ പി എൽ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താവിന് ലാപ്ടോപ്പിനുള്ള ആനുകൂല്യം നൽകാമോ?*

നൽകാം. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 10/08/2016 ലെ 1.8 നമ്പർ തീരുമാനം, 17/08/2016 ലെ 2464/16/തസ്വഭവ എന്നീ ഉത്തരവുകൾ പ്രകാരം എസ്.സി ഗുണഭോക്താക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിന് വരുമാന പരിധി ബാധകമല്ല.

*80.താഴെ പറയുന്നവയ്ക്ക് പദ്ധതി വയ്ക്കാൻ കഴിയുമോ?*

(1) അൺ എയ്ഡഡ് സ്കൂളുകളിൽ നാപ്കിൻ വെൻഡിംഗ് മെഷീൻ

(2) എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകളിൽ ലാപ്ടോപ്പ്

(3) വായനശാലകൾക്ക് പുസ്തകം, ഫർണീച്ചർ , പ്രൊജക്ടർ (പഞ്ചായത്ത് ലൈബ്രറി ഉൾപ്പെടെ)

(1) അൺ എയ്ഡഡ് സ്കൂളുകളിൽ നാപ്കിൻ വെൻഡിംഗ് മെഷീൻ സ്ഥാപിക്കുന്നതിനു പദ്ധതി ഏറ്റെടുക്കാൻ കഴിയില്ല.

(2) എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകളിൽ ലാപ്ടോപ്പ് വാങ്ങി നൽകാൻ കഴിയില്ല. എന്നാൽ 30/03/2012 ലെ സ.ഉ (സാ.ധാ) നം 994/12/തസ്വഭവ പ്രകാരം സർക്കാർ/എയ്ഡഡ് എൽ പി സ്കൂളുകൾക്ക് 1,35,000 രൂപയിൽ അധികരിക്കാതെയും യു പി സ്കൂളുകൾക്ക് 1,85,000 രൂപയിൽ അധികരിക്കാതെയും ഐ.റ്റി .ഉപകരണങ്ങൾ വാങ്ങി നൽകാം എന്ന് പറയുന്നുണ്ട്.

(3) വായനശാലകൾക്ക് പുസ്തകം, ഫർണീച്ചർ എന്നിവ അനുവദനീയമാണ്. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വായനശാലകൾക്ക് ഈ സൗകര്യങ്ങൾ ലഭ്യമാക്കികഴിഞ്ഞാൽ ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള വായനശാലകൾക്കും ഇതേ ആനുകൂല്യം നൽകാവുന്നതാണ്.

എന്നാൽ വായനശാലകൾക്ക് പ്രൊജക്ടർ അനുവദനീയമല്ല.( വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 18/01/2017 ലെ 3.5 നമ്പർ തീരുമാനം)

### *81.സബ്സിഡി മാർഗരേഖയിൽ പറയാത്ത കാര്യങ്ങൾക്ക് തദ്ദേശ സ്ഥാപനത്തിന് പദ്ധതി വയ്ക്കാവുന്നതാണോ?*

സബ്സിഡി മാർരേഖ (സ.ഉ (എം എസ്) നമ്പർ 80/17/തസ്വഭവ തീയതി 03-04-2017 എന്ന ഉത്തരവിൽ പ്രത്യേകിച്ച് പറയാത്തവയ്ക്കും തദ്ദേശ സ്ഥാപനത്തിന് പദ്ധതി വയ്ക്കാവുന്നതാണ്. എന്നാൽ അപ്രകാരം എടുക്കുന്ന പദ്ധതികൾ അതാത് വകുപ്പുകളുടെ സ്റ്റേറ്റ് സബ്സിഡി ലിസ്റ്റിലുൾപ്പെട്ടവയാകണം. ആയവയക്ക് 2016-17 ലെ സ്റ്റേറ്റ് സബ്സിഡി നിരക്ക് ഉപയോഗിക്കാവുന്നതാണ്. ഈ വിവരം പ്രോജക്ട് ഡേറ്റാ എൻട്രി ചെയ്യുമ്പോൾ നിർവഹണ ഉദ്യോഗസ്ഥൻ പ്രത്യേകിച്ച് രേഖപ്പെടുത്തേണ്ടതാണ്.

### *82.കിണർ റീ ചാർജിംഗിന് എത്ര രൂപ വരെ സബ്സിഡി അനുവദിക്കാം?*

ജനറൽ വിഭാഗത്തിന് ചെലവിന്റെ 80 ശതമാനം വരെയും പട്ടികജാതി പട്ടിക വർഗ വിഭാഗത്തിന് ചെലവിന്റെ 100 ശതമാനം വരെയും (പരമാവധി 6,000 രൂപ വരെ ) നൽകാം.150 ച.മീ അധികരിക്കാത്ത വീടുകളാകണം.ഹരിതകേരള മിഷൻ പദ്ധതിയുടെ ഭാഗമാക്കണം.എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും ഏറ്റെടുക്കാവുന്നതാണ്.

### *83.എൽ പി സ്കൂളിന്റെ ഓട് മാറ്റി കോൺക്രീറ്റ് മേൽക്കൂരയാക്കുന്ന പദ്ധതി മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ഫണ്ടുപയോഗിക്കാൻ കഴിയുമോ ?ഉത്തരവുണ്ടോ?*

എൽ പി സ്കൂളിന്റെ ഓട് മാറ്റി കോൺക്രീറ്റ് മേൽക്കൂരയാക്കുന്ന പദ്ധതിക്ക് മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ഫണ്ടുപയോഗിക്കാൻ കഴിയും. സർക്കുലർ നം 12245/പി1/05/തസ്വഭവ സെക്രട്ടറി, 09/12/2004 ലെ സ.ഉ (എം.എസ്)നം 330/2004 എന്നിവ പ്രകാരം നിലവിലെ മേൽക്കൂര മാറ്റി സ്ഥിരമായ മേൽക്കൂരക്കായി മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ഉപയോഗിക്കാവുന്നതാണ്.

### *84. നിലവിൽ റേറ്റ് കോൺട്രാക്ട് ഇല്ലാത്ത സാധനങ്ങൾ GeM വഴി വാങ്ങണമെന്ന് നിർബന്ധമുണ്ടോ?*

നിലവിൽ 8/11/2010 ലെ ജി.ഒ (പി) നം 259/2010 എന്ന ഉത്തരവാണ് തദ്ദേശ സ്ഥാപനങ്ങളുടെ പ്രൊക്വയർമെന്റ് മാന്വൽ. Government e-Market എന്നതിന്റെ ചുരുക്കപ്പേരാണ് GeM.സാധനങ്ങളും സേവനങ്ങളും സംഭരിക്കുന്നതിനുള്ള കേന്ദ്രസർക്കാർ നിയന്ത്രണത്തിലുള്ള ഒരു പോർട്ടൽ സംവിധാനമാണ് GeM.കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ,മൾട്ടി മീഡിയ പ്രൊജക്ടറുകളും വാഹനങ്ങളും ഒക്കെ GeM വഴി വാങ്ങാം. എന്നാൽ സംസ്ഥാന സർക്കാർ ഓഫീസുകളിലെ വാങ്ങലുകൾക്ക് GeM ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച് സ്റ്റോർ പർച്ചേസ് മാന്വലിലോ പ്രൊക്വയർമെന്റ് മാന്വലിലോ ഭേദഗതി വരുത്തുകയോ മറ്റി തരത്തിൽ ഉത്തരവുകൾ പുറപ്പെടുവിക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ വാങ്ങലുകൾക്ക് GeM നിർബന്ധമല്ല.

### *85. പദ്ധതി രൂപീകരണം , നിർവഹണം, മോണിട്ടറിംഗ് എന്നിവയ്ക്കായി പ്രത്യേകം പ്രത്യേകം പ്രോജക്ടുകൾ വയ്ക്കേണ്ടതുണ്ടോ?*

പദ്ധതി രൂപീകരണം , നിർവഹണം, മോണിട്ടറിംഗ് എന്നിവയ്ക്കായി ഒരൊറ്റ പ്രോജക്ട് മതിയാകും.

അതായത് തദ്ദേശ സ്ഥാപനത്തിന്റെ മൊത്തത്തിലുള്ള പദ്ധതി ആസൂത്രണ,നിർവഹണ, മോണിട്ടറിംഗ് ചെലവുകൾക്കായി ഇതേ പേരിൽ ഒരു പ്രോജക്ട് ഉൾപ്പെടുത്താവുന്നതാണ്. ഓരോ പ്രോജക്ടിലും ഇതേ ആവശ്യങ്ങൾക്കായി പ്രത്യേകം തുക വകയിരുത്താൻ പാടില്ല.

താഴെ പറയും പ്രകാരം ആകെ വികസന ഫണ്ടിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി ആസൂത്രണ, നിർവഹണ, മോണിട്ടറിംഗ് ചെലവുകൾക്ക് തുക കണ്ടെത്തേണ്ടത്.

| തദ്ദേശ സ്ഥാപനം | പദ്ധതി രൂപീകരണം (ശതമാനവും തുകയും) | നിർവഹണം, മോണിട്ടറിംഗ് (ശതമാനവും തുകയും) |
|---|---|---|
| ഗ്രാമപഞ്ചായത്ത് | 3 ലക്ഷം രൂപ (പരമാവധി 2%) | 1.5 ലക്ഷം രൂപ (പരമാവധി 1 %) |
| ബ്ളോക്ക് പഞ്ചായത്ത് | 2 ലക്ഷം രൂപ (പരമാവധി 1%) | 1.5 ലക്ഷം രൂപ (പരമാവധി 1 %) |
| ജില്ലാ പഞ്ചായത്ത് | 3 ലക്ഷം രൂപ (പരമാവധി 0.1 %) | 4 ലക്ഷം രൂപ (പരമാവധി 0.2%) |

*86. ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് കുട്ടികളുടെ വാലിഡേഷനിലോ ഭിന്നശേഷിക്കാരുടെ വാലിഡേഷനിലോ പെടുത്താൻ കഴിയുമോ ?*

ഇല്ല. ഭിന്നശേഷിയുള്ള കുട്ടികളുടെ സ്കോളർഷിപ്പ് നിർബന്ധിത പ്രോജക്ടാണ്. നിർബന്ധിത പ്രോജക്ടുകളൊന്നും തന്നെ ഇപ്രകാരമുള്ള മേഖലാ വിഭജനത്തിൽ ഉൾപ്പെടുത്തരുത്( എന്നാൽ പാലിയേറ്റീവ് കെയർ നിർബന്ധ പ്രോജക്ടാണെങ്കിലും വയോജനങ്ങളുടെ വാലിഡേഷനിൽ വരുന്നതാണ്)

*87.വാലിഡേഷനിൽ ഇപ്പോൾ കാണിച്ചിരിക്കുന്ന മേഖലാ വകയിരുത്തലിലെ തുക നിർബന്ധിത പ്രോജക്ടുകൾ എന്റർ ചെയ്ത് എൽ ബി യിലേക്ക് അയച്ചാൽ കുറയില്ലേ?*

ഇല്ല. 2017-18 ൽ വികസന ഫണ്ടിൽ നിന്നും നിർബന്ധിത പ്രോജക്ടുകളുടെ തുക കുറച്ചിട്ടല്ല മേഖലാ വകയിരുത്തൽ നടത്തുന്നത്. അല്ല, 2017-18 ൽ മേഖലാ വിഭജനം താഴെ പറയുന്ന രീതിയിലാണ്.

(1) ഉത്പാദന മേഖലയിൽ ഗ്രാമപഞ്ചായത്തുകളും ബ്ളോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും **പൊതുവിഭാഗം വികസനഫണ്ടി**ന്റെ 30 ശതമാനമെങ്കിലും വകയിരുത്തണം.

(അതായത് പ്ളാൻ ഫണ്ട് ജനറലിന്റെ) .പട്ടികജാതി, പട്ടികവർഗ ഫണ്ടുൾപ്പെടെയുള്ളവയിൽ നിന്നും ഉത്പാദന മേഖലയിൽ പ്രോജക്ട് വച്ചാലും ആയതിന് വാലിഡേഷൻ ലഭിക്കുന്നതല്ല.

(2) അതുപോലെ ഗ്രാമപഞ്ചായത്തുകളും ബ്ളോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും **പൊതുവിഭാഗം വികസന ഫണ്ട് ജനറലിന്റെ 10 ശതമാനം** മാലിന്യ സംസ്കരണത്തിന് പ്രാധാന്യം കൊടുത്തു കൊണ്ട് ഹരിത കേരള മിഷൻ പ്രോജക്ടുകൾക്ക് വകയിരുത്തണം. നിലവിൽ ഉത്തരവിൽ മാലിന്യ സംസ്കരണത്തിന് പൊതുവിഭാഗം വികസനഫണ്ടിന്റെ 10 ശതമാനം കുറഞ്ഞത് വകയിരുത്തണമെന്നാണ് പറഞ്ഞിരിക്കുന്നതെങ്കിലും ഇതിനു തത്തുല്യമായ തുക ധനകാര്യ കമ്മിഷനിൽ നിന്നും വകയിരുത്തിയാലും വാലിഡേഷൻ ലഭിക്കുന്നതാണ്.

(3) ഗ്രാമപഞ്ചായത്തുകൾ **പൊതു വിഭാഗം വികസന ഫണ്ടിന്റെ** 30 ശതമാനത്തിൽ അധികം പശ്ചാത്തല മേഖലയിൽ വകയിരുത്താൻ പാടില്ല.

(4) ബ്ളോക്ക് പഞ്ചായത്തുകൾ **പൊതു വിഭാഗം വികസന ഫണ്ടിന്റെ** 25 ശതമാനത്തിൽ അധികം പശ്ചാത്തല മേഖലയിൽ വകയിരുത്താൻ പാടില്ല.

(5) ജില്ലാ പഞ്ചായത്തുകൾ **പൊതു വിഭാഗം വികസന ഫണ്ടിന്റെ** 40 ശതമാനത്തിൽ അധികം പശ്ചാത്തല മേഖലയിൽ വകയിരുത്താൻ പാടില്ല.

(6) ഗ്രാമ,ബ്ളോക്ക്,ജില്ലാ പഞ്ചായത്തുകൾ **പട്ടികജാതി ഫണ്ടിന്റെ 30** ശതമാനത്തിൽ അധികം തുക പശ്ചാത്തലമേഖലക്ക് വകയിരുത്താൻ പാടില്ല.

(7) ഗ്രാമ,ബ്ളോക്ക്,ജില്ലാ പഞ്ചായത്തുകൾ **പട്ടികവർഗ ഫണ്ടിന്റെ 30** ശതമാനത്തിൽ അധികം തുക പശ്ചാത്തലമേഖലക്ക് വകയിരുത്താൻ പാടില്ല.

(8) വനിതാ ഘടക പദ്ധതിക്കായി ഗ്രാമ,ബ്ളോക്ക്,ജില്ലാ പഞ്ചായത്തുകൾ **പൊതുവിഭാഗം വികസന ഫണ്ട്, എസ്.സി,പി ഫണ്ട്, റ്റി.എസ്.പി ഫണ്ട്** എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 10 ശതമാനമെങ്കിലും വകയിരുത്തണം.

(9) കുട്ടികൾ, ഭിന്നശേഷിയുള്ളവർ,ഭിന്നലിംഗമുള്ളവർ എന്നിവരുടെ പദ്ധതികൾക്കായി ഗ്രാമ,ബ്ളോക്ക്,ജില്ലാ പഞ്ചായത്തുകൾ **പൊതുവിഭാഗം വികസന ഫണ്ട്, എസ്.സി,പി ഫണ്ട്, റ്റി.എസ്.പി ഫണ്ട്** എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 5 ശതമാനമെങ്കിലും വകയിരുത്തണം.

(10) വയോജന ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കുമായി ഗ്രാമ,ബ്ളോക്ക്,ജില്ലാ പഞ്ചായത്തുകൾ പൊതുവിഭാഗം വികസന ഫണ്ട്, എസ്.സി,പി ഫണ്ട്, റ്റി.എസ്.പി ഫണ്ട് എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 5 ശതമാനമെങ്കിലും വകയിരുത്തണം.

(11) യുവജന ക്ഷേമത്തിന് പദ്ധതി നിർബന്ധമല്ല.

*88.പാലിയേറ്റീവ് കെയർ വയോജന വാലിഡേഷനിൽ വരുമോ ?*

വരുന്നതാണ്. പാലിയേറ്റീവ് കെയറിനുള്ള സൂക്ഷ്മമേഖല കോഡ് നൽകുമ്പോൾ തന്നെ ടി പ്രോജക്ട് വയോജന വാലിഡേഷനിൽ വരുന്നതാണ്. എന്നാൽ ഉൾപ്പെടുത്തുന്നത് വികസന ഫണ്ട് തന്നെയായിരിക്കണം.

*89.ബയോഗ്യാസ് പ്ളാന്റ് 50 ശതമാനം പ്ളാൻ ഫണ്ടാണോ വയ്ക്കേണ്ടത് ?*

ബയോഗ്യാസ് പ്ളാന്റിന് 50 ശതമാനമാണ് (ജനറൽ വിഭാഗത്തിന്) സബ്സിഡി. 50 ശതമാനം സബ്സിഡിയിൽ 50 ശതമാനം ഗുണഭോക്താവും ബാക്കി 50 ശതമാനം തദ്ദേശ സ്ഥാപനവും വഹിക്കുന്നതാണ്.പ്ളാൻ ഫണ്ടോ ധനകാര്യ കമ്മിഷനോ ഇതിനായി ഉപയോഗിക്കാവുന്നതാണ്. പട്ടികജാതി, പട്ടിക വർഗ വിഭാഗത്തിന് 75 ശതമാനമാണ് സബ്സിഡി.

*90.വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം വനിതാ പദ്ധതിയിൽ വരുമോ ?*

വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം, പട്ടികജാതി യുവതികളുടെ വിവാഹ ധനസഹായം എന്നിവ വനിതാ പദ്ധതിയിലുൾപ്പെടുത്താൻ പാടില്ല.

*91.കൃഷി ഭവനിൽ കമ്പ്യൂട്ടർ , മെയിന്റനൻസ് ഗ്രാന്റ് റോഡിതരത്തിൽ വയ്ക്കാമല്ലോ. ഉൽപാദനത്തിൽ വാലിഡേഷൻ ലഭിക്കുമോ.*

കൃഷി ഭവനിൽ കമ്പ്യൂട്ടർ വാങ്ങുന്നതിന് മെയിന്റനൻസ് ഗ്രാന്റ് റോഡിതരം ഉപയോഗിക്കാം. എന്നാൽ മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ചാൽ ഉൽപാദനത്തിന്റെ വാലിഡേഷൻ ലഭിക്കില്ല. പകരം വികസന ഫണ്ടുപയോഗിച്ചാൽ ഈ പ്രോജക്ടിനെ ഉത്പാദന മേഖലയിൽ കൊണ്ടു വരാം.

*92.ഷീ പാഡ് പ്രോജക്ട് മൈക്രോ സെക്ടർ കോഡ് എത്രയാണ് ? ആര് നിർവഹണം നടത്തണം ?*

മൈക്രോ സെക്ടർ കോഡ് 1020 ആണ്. ഹെഡ്മാസ്റ്റർക്കോ ഐ സി ഡി എസ് സൂപ്പർവൈസർക്കോ നിർവഹണം നടത്താം.

*93. പരിശീലനം നൽകുന്നതിന് പ്രോജക്ട് അനുവദനീയമാണോ ?*

പരിശീലനം നൽകുന്നതിന് മാത്രമായി പ്രോജക്ടുകൾ അനുവദനീയല്ല.എന്നാൽ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി പരിശീലനം നടത്താവുന്നതാണ്.

*94.റോഡ് കോൺക്രീറ്റ് ധനകാര്യ കമ്മിഷൻ ഗ്രാന്റ് ഉപയോഗിച്ച് ചെയ്യാമോ ?*

ചെയ്യാം

*95.അംഗൻവാടി സ്ഥലം വാങ്ങൽ, കെട്ടിട നിർമാണം എന്നിവ കുട്ടികളുടെ പദ്ധതിയിൽ ഉൾപ്പെടുത്താൻ പറ്റുമോ ?*

ഇല്ല.

*96.അഴുക്ക് ചാൽ നിർമാണം ഗ്രാമപഞ്ചായത്തിന് ഏറ്റെടുക്കാൻ കഴിയുമോ ?*

കഴിയും

*97.പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ മെയിന്റനൻസ് ഗ്രാന്റ് റോഡിതരം ഉപയോഗിച്ച് വാങ്ങാമോ ?*

കഴിയില്ല. മെയിന്റനൻസ് ഗ്രാന്റ് റോഡിതരം വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ ആവശ്യത്തിനായി ഉപയോഗിക്കേണ്ടതാണ്.

*98.സ്പിൽ ഓവർ തുക കുറച്ചിട്ടാണോ ഈ വർഷം പദ്ധതികൾ വയ്ക്കേണ്ടത് ?*

അല്ല. ഈ വർഷം ബഡ്ജറ്റ് പ്രകാരം ലഭിച്ച മുഴുവൻ തുകയും ആവശ്യമെങ്കിൽ പുതിയ പദ്ധതികൾക്കായി ഉപയോഗിക്കാം. 2016-17 ൽ പുതുതായി ഏറ്റെടുത്തവയിൽ നിർവഹണം പൂർത്തിയാകാത്ത മാറ്റങ്ങൾ ആവശ്യമില്ലാത്ത സ്പിൽ ഓവർ പ്രോജക്ടുകൾക്ക് സർക്കാർ പ്രത്യേക ഉത്തരവായി ഫണ്ട് ലഭ്യമാക്കുന്നതാണ്. അതുപോലെ 2015-16 ൽ ഏറ്റെടുത്തതും ആ വർഷം പൂർത്തിയാകാതെ 2016-17 ലും സ്പിൽ ഓവറായി തുടർന്നതും 2017 മാർച്ച് 31 നകം ഭൗതിക നിർവഹണം പൂർത്തിയായതുമായ പദ്ധതികൾക്കും ആവശ്യമായ തുക 2017-18 ൽ പ്രത്യേകമായി അനുവദിക്കുന്നതാണ്. എന്നാൽ 2015-16 ൽ ഏറ്റെടുത്തതും ആ വർഷം പൂർത്തിയാകാതെ 2016-17 ലും സ്പിൽ ഓവറായി തുടർന്നതും 2017 മാർച്ച് 31 നകം ഭൗതിക നിർവഹണം പൂർത്തിയാകാത്തതുമായ പദ്ധതികൾക്ക് വിഹിതം ലഭിക്കുന്നില്ല. ( വിശദമായ വായനക്ക് മനോജിന്റെ സ്പിൽ ഓവർ നോട്ട് കാണുക)

*99.ഐ കെ എം വിഹിതം എത്ര ശതമാനമാണ് ?*

വികസന ഫണ്ട് ജനറൽ , പട്ടിക ജാതി, പട്ടിക വർഗം എന്നിവ കൂട്ടിക്കിട്ടുന്ന തുകയുടെ 0.25 ശതമാനമാണ് സാധാരണ ഐ കെ എം വിഹിതം. തുക അടക്കുന്നതിന് ഐ കെ എം ൽ നിന്ന് ഡിമാന്റ് ലഭിക്കുന്നതാണ്.

*100.ആട്ടോറിക്ഷ സബ്സിഡി ഗുണ. വിഹിതം വേണോ ?*

ആട്ടോറിക്ഷ വാങ്ങൽ പ്രോജക്ടുകൾക്ക് ജനറൽ വിഭാഗത്തിന് പരമാവധി 30,000 രൂപ വരെയും പട്ടിക ജാതി പട്ടിക വർഗ വിഭാഗങ്ങൾക്ക് പരമാവധി 50,000 രൂപ വരെയും സബ്സിഡി നൽകാം. സബ്സിഡി ഒഴികെ ബാക്കി തുക ഗുണഭോക്താവ് കണ്ടെത്തേണ്ടതാണ്. വായ്പാ ബന്ധിത പ്രോജക്ടായിരിക്കണം ഇത്.

*101.ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്, എച്ച് ഐ വി ബാധിതർക്കായുള്ള പദ്ധതി എന്നിവ ഒറ്റ പ്രോജക്ടായി ഉൾപ്പെടുത്താമോ ?*

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് അനിവാര്യ പദ്ധതിയായതിനാൽ ആയത് പ്രത്യേകമായി എന്റർ ചെയ്യേണ്ടതാണ്. എച്ച്.ഐ.വി ബാധിതർ/എയ്ഡ്സ് രോഗികൾ എന്നിവർക്കായുള്ള പരിപാടികൾ 23-08-2012 ലെ സ.ഉ(സാധാ) നം 228/2012 ഉത്തരവിലെ നിബന്ധനകൾക്കു വിധേയമായി ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

*102. എം പി ലാഡ്സ് നിർവഹണം ആരാണ് ?*

5 ലക്ഷം വരെ സെക്രട്ടറി , അതിനു മുകളിൽ ബി ഡി ഒ , 15 ലക്ഷം വരെ സെക്രട്ടറിയുടെ പേരിൽ റ്റി എസ് ലഭിക്കും.

*103. ഇ എം എസ് ലോൺ വെറ്റിംഗ് ആവശ്യമുണ്ടോ ?*

ഉണ്ട്. എന്നാൽ പദ്ധതി വിഹിതം ഡെപോസിറ്റ് ചെയ്യുന്നതിനോ കൈമാറ്റം ചെയ്യുന്നതിനോ വേണ്ടിയുള്ള പ്രോജക്ടുകൾക്ക് വെറ്റിംഗ് ഓഫീസറുടെ അംഗീകാരം ആവശ്യമില്ല.

ഉദാ- എസ്.എസ്.എ വിഹിതം,ആർ എം എസ് എ, ഐ കെ എം വിഹിതം മുതലായവ.

നിർമാണ പ്രവൃത്തികൾ ഒഴികെയുള്ള പദ്ധതികൾക്ക് വെറ്റിംഗ് ആവശ്യമാണ്. നിർമാണ പ്രവൃത്തികൾക്ക് വെറ്റിംഗും സാങ്കേതികാനുമതിയും ആവശ്യമാണ്.

*104.എൽ ബി അപ്രൂവലിനു വിട്ട പ്രോജക്ട് മോഡിഫിക്കേഷനു വേണ്ടി എങ്ങിനെ തിരിച്ചെടുക്കാം ?*

സെക്രട്ടറി മെനു- പ്രോജക്ട്സ്- ഡി പി സി അപ്രൂവൽ അതിൽ ആ പ്രോജക്ടിനു നേരെ ഇംപ്ളിമെന്റിംഗ് ഓഫീസർ ക്ളിക്ക് ചെയ്യുക.

*105.ടെണ്ടർ പരസ്യം പരമാവധി തുക സംബന്ധിച്ച് ഉത്തരവുണ്ടോ ?*

ടെണ്ടർ പരസ്യങ്ങൾക്ക് പരമാവധി തുക സംബന്ധിച്ച് നിബന്ധനകളില്ല. എന്നാൽ ദിനപത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്ന പരസ്യങ്ങൾ വിൻഡോ രൂപത്തിൽ മാത്രമാകണം. സർക്കുലർ നം 7441/ഡി-1/04 ഐ ആന്റ് പി ആർ തീയതി 21-06-04 , 01-04-2004 ലെ പൊതു ഭരണ (ഇൻഫർമേഷൻ ആന്റ് പബ്ളിക് റിലേഷൻസ്- ഡി) വകുപ്പ് സ. ഉ 01/04 ഐ ആൻഡ് പി ആർ എന്നീ ഉത്തരവുകൾ കാണുക.

*106.മെയിന്റനൻസ് ഫണ്ട് റോഡ് കോൺക്രീറ്റിനു ഉപയോഗിക്കാമോ ?*

28-11-2012 ലെ ജി ഒ 68228-എഫ് എം 1/2012 എന്ന സർക്കുലർ പ്രകാരം തദ്ദേശ സ്ഥാപനത്തിൽ റോഡുകൾക്ക് അറ്റകുറ്റപ്പണിയൊന്നും ആവശ്യമില്ലെന്ന് ഭരണ സമിതി ഏകകണ്ഠ തീരുമാനമെടുക്കുന്ന പക്ഷം മെയിന്റനൻസ് ഫണ്ട് റോഡ് കോൺക്രീറ്റിനു ഉപയോഗിക്കാവുന്നതാണ്.

*107.ഗ്യാസ് ക്രിമിറ്റോറിയം നിർമാണത്തിന് ധനകാര്യ കമ്മിഷൻ ഉപയോഗിക്കാമോ ?*

എല്ലാത്തരം ശ്മശാന നിർമാണത്തിനും ധനകാര്യ കമ്മിഷൻ വിഹിതം ഉപയോഗിക്കാവുന്നതാണ്.

*108. വികസന സെമിനാറിനു ഭക്ഷണം നൽകുന്നതിനു നിയന്ത്രണമുണ്ടോ ?*

വികസന സെമിനാർ ഒരു പൂർണ ദിന പരിപാടിയാണ്. അതിനാൽ ആഹാരം നൽകാവുന്നതാണ്. എന്നാൽ പദ്ധതി രൂപീകരണം, നിർവഹണം , മോണിട്ടറിംഗ് എന്ന പദ്ധതിക്കുള്ളിൽ നിന്നായിരിക്കണം ചെലവ് നടത്തേണ്ടത്. ആധികാരികമായ വൗച്ചറുകൾ സൂക്ഷിക്കേണ്ടതാണ്.

*109.വാഹനം വാങ്ങുന്ന പ്രോജക്ട് ആസ്തി വാങ്ങലുകളുടെ ഭാഗത്ത് കോഡ് നൽകുമ്പോൾ നോ അസറ്റ് എന്നു കാണുന്നു. എന്ത് ചെയ്യും ?*

പ്രോജക്ട് എന്റർ ചെയ്തു തുടങ്ങുന്ന ആദ്യ പേജിൽ സാധനങ്ങൾ വാങ്ങേണ്ടതുണ്ടോ എന്ന ഭാഗത്ത് ഉണ്ട് എന്ന് മാർക്ക് ചെയ്താൽ മാത്രമേ അസറ്റ് കോഡ് നൽകുവാൻ കഴിയൂ.ആയതിനാൽ അപ്രകാരം മാറ്റം വരുത്തേണ്ടതാണ്.

*110.പി എം എ വൈ പദ്ധതി കോഡ് എത്രയാണ് ?*

പി എം എ വൈ പദ്ധതിക്ക് നിലവിൽ കോഡില്ല. ഐ എ വൈ യുടെ കോഡ് നൽകിയാൽ മതി.

*111.ലൈഫിന് പ്രോജക്ട് നിർബന്ധമാണോ ?*

പരമാവധി തുക ലൈഫിന് വകയിരുത്തണമെന്നാണ് പദ്ധതി മാർഗ രേഖയിൽ പറയുന്നത്. എന്നാൽ എപ്രകാരം വകയിരുത്തും എന്നത് സംബന്ധിച്ച് വ്യക്തമാക്കിയിട്ടില്ല.10-05-2017 ലെ കോ ഓർഡിനേഷൻ കമ്മിറ്റിയുടെ നാലാം നമ്പർ തീരുമാനപ്രകാരം ലൈഫ് പദ്ധതി സംബന്ധിച്ച ഉത്തര വുകൾ വരുന്ന മുറയ്ക്ക് പദ്ധതികൾ ഭേദഗതി ചെയ്ത് തുക വകയിരുത്തിയാൽ മതി മാക്കിയിട്ടുണ്ട്.

*112. ന ട്ടർ നേ*

ഇല്ല.ടെ നടപടി ണ്ടതാ

*ന യുന്നി*

2017 ഖ നമുറി യു

ന ക

ന വുന്നതാ നിബന്ധന

നൽകാവുന്നതാ

*നിർമാ നവീക ന*

*യോഗിക്കാമോ ?*

പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമാ നവീക ന

യോഗി ന്നതല്ല.

*. ത്തിന മാന ന യിരുത്തി ഡേ*

ഉത്തരവിലും സുലേഖ സോഫ്റ്റ് വെയ ന മാന

രേഖപ്പെടുത്തിയിരിക്കു തിന ന ഷന ന

വകയിരുത്തി ഡേ ക്കുന്നതാണ്.

*. മപഞ്ചായത്തുകൾക്കും ഘടക സ്ഥാപന ന*

*നത് ഫണ്ട് എന്നിവ വയ്ക്കാ*

ന നൻസ് ഫണ്ട് റോഡിതരം, തന

യോഗിക്കാവുന്നതാ പഞ്ചായത്തി ട്ടറു

ന്നതിന നൻസ് ഫണ്ട് റോഡിതരം ഉപയോഗി യി സന ന

യോഗിക്കണം.

*.വി നസ നിർവ നടത്ത*

യമേ ന പഞ്ചാ റ്റിയു കാരത്തിന യ

മായി നിർവ ഗ ടുക്കുന്ന ന സന

മെങ്കിൽ ഐ സി ഡി എസ് സൂപ്പർവൈ ല്ലാ 1. ട്ട നിർവ

നടത്താവുന്നതാണ്.